## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 211

1.7.2009-ൽ മറുപടിയ്ക്ക്

### രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ടി.എ.റഹീം**<br>**ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി**<br>**ശ്രീ.കെ.കെ.ജയചന്ദ്രൻ**<br>**ശ്രീ.കെ.സി.കുഞ്ഞിരാമൻ**<br>**ശ്രീ.സി.കെ.സദാശിവൻ** | **ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ**<br>**(ജല വിഭവ വകുപ്പ് മന്ത്രി)** |
| (എ) രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) കേന്ദ്രഗവൺമെന്റിന്റെ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി ഗ്രാമീണ മേഖലയിലെ എല്ലാ വാസസ്ഥലങ്ങളിലും സുരക്ഷിതമായ കുടിവെള്ളവിതരണം ഉറപ്പുവരുത്തുക, ജലസ്രോതസ്സുകളുടെ പരിരക്ഷയും നിലനിൽപ്പും ഉറപ്പുവരുത്തുക നിരീക്ഷണത്തിലൂടെയും പരിശോധനയിലൂടെയും വെള്ളത്തിന്റെ ഗുണനിലവാരം സംരക്ഷിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയാണ്. ഈ പദ്ധതിയ്ക്ക് 01/04/2009-ൽ നിലവിൽ വന്ന പുതിയ മാർഗരേഖ പ്രകാരം പദ്ധതികൾക്കുള്ള ചിലവ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50:50 എന്ന അനുപാതത്തിൽ വഹിക്കേണ്ടതാണ്. ത്വരിതഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ, വർഷപദ്ധതികൾ, ഗ്രാമീണ സ്കൂളുകളിലേക്കും അംഗൻ വാടികളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതികൾ, സബ്മിഷൻ പദ്ധതികൾ എന്നിവയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചു വരുന്നത്. |

.....2

| | | | |
|---|---|---|---|
| (ബി) | പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം സ്ഥലങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | (ബി) | ശുദ്ധജല ലഭ്യത കുറഞ്ഞ ഗ്രാമ പ്രദേശങ്ങളും വെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച പ്രശ്നങ്ങൾ നേരിടുന്ന ഗ്രാമ പ്രദേശങ്ങളുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) | പദ്ധതിയുടെ ഭാഗമായി ഈ വർഷം എത്ര കുഴൽ കിണറുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) | പദ്ധതിയുടെ ഭാഗമായി ഈ വർഷം 67 കുഴൽ കിണറുകൾ നിർമ്മിക്കാനാണ് ഭൂജല വകുപ്പ് ഉദ്ദേശിക്കുന്നത്. |
| (ഡി) | കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ കഴിയാത്ത എത്ര പ്രദേശങ്ങൾ സംസ്ഥാനത്ത് ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. | (ഡി) | മാർച്ച്, 2009-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വാർഡുകളിലെയും പ്രതിദിന ആളോഹരി ജല ലഭ്യത ഏറ്റവും കുറഞ്ഞത് 40 ലിറ്റർ ആണെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 4957 വാർഡുകളിൽ പൊതു വിതരണ സംവിധാനം നിലവിലില്ല. ഈ വാർഡുകളിലെ ജല ലഭ്യത സ്വകാര്യ ജല സ്രോതസ്സുകളെ ആശ്രയിച്ചാണ് കണക്കാക്കിയിട്ടുള്ളത്. |
| (ഇ) | പദ്ധതിയ്ക്കായി ഈ വർഷം എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ഇ) | പദ്ധതിക്കായി ഭൂജല വകുപ്പിന് ഈ വർഷം 110 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് ഈ വർഷത്തെ പദ്ധതി വിഹിതം അന്തിമമായി കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ ഈ വർഷം 3552.33 ലക്ഷം രൂപ ആദ്യ ഗഡുവായി അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 212** | **1.7.09-ൽ മറുപടിക്ക്**

**'കൈത്തറി തുണികളുടെ വില്പന വർദ്ധിപ്പിക്കാൻ നടപടി'**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു പോൾ<br>ശ്രീ. എൻ.അനിരുദ്ധൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ.രാജു | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കൈത്തറി തുണികളുടെ വില്പന വർദ്ധിപ്പിക്കുന്നതിലേക്ക് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) കൈത്തറി തുണികളുടെ വില്പന വർദ്ധിപ്പിക്കുന്നതിനായി താഴെ പ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു :-<br><br>1) ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയുടെ ഷോറൂമുകളിലും, വില്പന-പ്രദർശനശാലകളിലും വില്പന നടത്തി വരുന്ന കൈത്തറി തുണികൾക്ക് സംസ്ഥാന സർക്കാരും, കേന്ദ്രസർക്കാരും 10% വീതം റിബേറ്റ് നൽകി വരുന്നു.<br><br>2) കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിനായി പ്രചരണം, പഠനം, പരിശീലനം എന്നിവ നടത്തി വരുന്നു. സർക്കാർ ജീവനക്കാർ ആഴ്ചയിലൊരു ദിവസം കൈത്തറി/ഖാദി വസ്ത്രം ധരിക്കുന്നതും, സ്കൂൾ കുട്ടികൾ കൈത്തറി യൂണിഫോം ധരിക്കുന്നതു |

പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള പ്രചരണങ്ങൾ നടത്തി വരുന്നു. കൈത്തറി/ഖാദി വസ്ത്രങ്ങളുടെ പ്രചരണത്തിനായി രണ്ടു വർഷം നീണ്ടു നിൽക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്.

3) ഓണം, ക്രിസ്തുമസ് ഉത്സവകാലത്തോടനുബന്ധിച്ച് വില്പനമേളകൾ, പ്രദർശനങ്ങൾ എന്നിവ നടത്തി വരുന്നു. ഇത്തരം മേളകളിലും പ്രദർശനങ്ങളിലും റിബേറ്റിനോടൊപ്പം മാർക്കറ്റിംഗ് ഇൻസെന്റീവും നൽകി വരുന്നു.

4) കേന്ദ്ര സർക്കാരിന്റെ "സമഗ്ര കൈത്തറി വികസന പദ്ധതി" അനുസരിച്ചുള്ള വിപണന പ്രോൽസാഹന പദ്ധതിക്കായി ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 300 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

5) പ്രത്യേക വിപണന പ്രോൽസാഹന പദ്ധതിയിൻ കീഴിൽ നടപ്പു സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 635 ലക്ഷം രൂപ ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നു.

6) ഹാന്റക്സ്, ഹാൻവീവ്, എന്നീ സ്ഥാപനങ്ങൾ സംസ്ഥാനത്തുള്ള അവരുടെ നിരവധി ഷോറൂമുകൾ വഴിയും കൈത്തറി വസ്ത്രങ്ങൾ വില്പന നടത്തി വരുന്നു.

| | |
|---|---|
| ബി) ഇതിനായി കേന്ദ്ര സഹായം ലഭിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (ബി)(1) 10% സ്പെഷ്യൽ റിബേറ്റ് പദ്ധതി, കേന്ദ്ര സർക്കാർ മുഴുവൻ തുകയും നൽകുന്ന പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം 2008-09 സാമ്പത്തിക വർഷം 1047.11 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചു.<br>2) സമഗ്ര കൈത്തറി വികസന വിപണന പ്രോൽസാഹന പദ്ധതി 50% കേന്ദ്ര സർക്കാർ സഹായമുള്ള പദ്ധതിയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം 363.26 ലക്ഷം രൂപ കേന്ദ്ര സർക്കാർ സഹായമായി ലഭിച്ചു.<br>3) കൈത്തറി മേളകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: * 213 | 01-07-2009 -ൽ മറുപടിക്ക് |

കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള വ്യവസായ സംരംഭം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ:<br>" അടൂർ പ്രകാശ് :<br>" കെ. ബാബു : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ്മന്ത്രി.) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തെ എത്ര വ്യവസായ സംരംഭങ്ങളുമായി വികസന പ്രവർത്തനം നടത്തുവാൻ തയ്യാറായിട്ടുണ്ട് ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്ര സർക്കാരുമായി ചേർന്ന് 9 വ്യവസായ സംരംഭങ്ങളുമായി വികസന പ്രവർത്തനത്തിന് രൂപം നൽകിയിട്ടുണ്ട്. |
| (ബി) അവ ഏതെല്ലാമാണ് എന്നും അവയുടെ വികസനത്തിനായി ഈ വർഷം കേന്ദ്രം എന്തു തുക നിക്ഷേപിക്കും എന്നും വെളിപ്പെടുത്തുമോ ? | (ബി) അവ താഴെപ്പറയുന്നവയാണ് :<br>(1) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NTPC -യും TELK- മായും.<br>(2) SILK -ന്റെ അനുബന്ധ യൂണിറ്റുകളായ Autokast/ SFU- ഉം - ഇൻഡ്യൻ റെയിൽവേയുമായും.<br>(3) SCL - ഉം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ SAIL- മായും.<br>(4) കെല്ലിന്റെ കാസർഗോഡ് യൂണിറ്റും Bharat Heavy Electricals (BHEL)- മായും.<br>(5) Keltron - ഉം BEL -മായും<br>(6) കിൻഫ്രയും ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡും (HAL).<br>(7) കിൻഫ്രയും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും (BEL)<br>(8) കിൻഫ്രയും ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡും (BEML)<br>(9) കെൽടെക്കും ബ്രഹ്മോസ് എയ്റോസ്പേസും.<br><br>ഇവയുടെ വികസനത്തിനായി കേന്ദ്രം ഏകദേശം 442 കോടി രൂപ നിക്ഷേപിക്കുമെന്ന് കണക്കാക്കപ്പെടുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *214 — 01-07-2009-ൽ മറുപടിക്ക്

പൊതുമേഖലാസ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.പി. മോഹനൻ :<br>" എം. വി. ശ്രേയാംസ് കുമാർ :<br>" എം.കെ. പ്രേംനാഥ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ്മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ ; | (എ) സ്വയംഭരണാവകാശം നൽകുന്നതിന്റെ ഭാഗമായുള്ള വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണസംവിധാനത്തിൽ ഘടനാപരമായ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചീഫ് എക്സിക്യൂട്ടീവ്സിനെ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ തെരഞ്ഞെടുക്കുന്നതിനായി സെലക്ഷൻ കമ്മിറ്റിയുണ്ടാക്കി. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം കാറ്റഗറി അനുസരിച്ച് വർദ്ധിപ്പിക്കുവാനുള്ള ഉത്തരവും (G.O.(Ms).No.19/09/Plg. dated 20-05-2009) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കമ്പനികളുടെ ഡയറക്ടർ ബോർഡുകളിൽ അതാത് മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ നിയമിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.215 | 01.07.2009 -ൽ മറുപടിയ്ക്ക് |
|---|---|

### വികലാംഗരുടെ ക്ഷേമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ:<br>ശ്രീ. പി. ജയരാജൻ:<br>ശ്രീ. കെ.ടി. ജലീൽ:<br>ശ്രീമതി. പി. അയിഷാ പോറ്റി:<br>ശ്രീമതി. കെ.കെ. ലതിക: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | വികലാംഗരുടെ ക്ഷേമത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; | (എ) | വികലാംഗരുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പു മുഖേനയും വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേനയും നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ള തൊഴിലവസരങ്ങൾ അവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 28.06.07 - ലെ സ.ഉ.(പി)32/07/ സാക്ഷേവ പ്രകാരം 2004, 2005, 2006 വർഷങ്ങളിലെ ക്ലാസ് 1, ക്ലാസ് 2 തസ്തികകളിലേയ്ക്കുള്ള 3% വികലാംഗ നിയമനം പി.എസ്.സി. യ്ക്ക് വിടുകയുണ്ടായി. 15.09.07 - ലെ സ.ഉ.(പി)50/07/ സാക്ഷേവ. നമ്പർ ഉത്തരവു പ്രകാരം 2004, 2005, 2006 വർഷങ്ങളിലെ ക്ലാസ് 3, ക്ലാസ് 4 തസ്തികകളിലേയ്ക്കുള്ള 3% വികലാംഗ സംവരണ നിയമനം പി.എസ്.സി. യ്ക്കു വിട്ടിട്ടുണ്ട്. 19.05.08 - ലെ സ.ഉ.(പി)31/08/സാക്ഷേവ പ്രകാരം ക്ലാസ് I, II, III, IV വിഭാഗങ്ങളിലേയ്ക്കുള്ള 3% വികലാംഗ സംവരണം 2004 മുതൽ പി.എസ്..സി. യ്ക്ക് വിടുകയുണ്ടായി. 19.07 08 - ലെ സ.ഉ.(പി)46/08/സാക്ഷേവ പ്രകാരം ഓരോ നൂറു ഒഴിവുകളിലും 33, 66, 99 എന്നീ ഒഴിവുകളിൽ (i) കാഴ്ച വൈകല്യമുള്ളവർ (ii) കേഴ്വി വൈകല്യമുള്ളവർ (iii) അസ്ഥി വൈകല്യമുള്ള /തലച്ചോറ് സംബന്ധമായ വൈകല്യമുള്ളവർ എന്നിവർക്ക് അവരവർക്ക് അനുയോജ്യമെന്ന് കണ്ടെത്തിയിരിക്കുന്ന തസ്തികകളിലേയ്ക്ക് പി.എസ്.സി. അഡ്വൈസ് ചെയ്യണമെന്ന് ഉത്തരവായിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | KS & SSR പ്രകാരമുള്ള വയസ്സിളവും, ഇപ്പോൾ നൽകിവരുന്ന മാർക്ക് ആനുകൂല്യവും തുടർന്നു വികലാംഗർക്ക് ലഭ്യമായിരുക്കുമെന്നും ടി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. 01.01.2008 മുതൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും പി.എസ്.സി. 3% വികലാംഗ സംവരണ നിയമനം നടത്തുന്നുണ്ട്.14.07.98 ലെ സ.ഉ(പി)20/98/ P&ARD പ്രകാരം കണ്ടെത്തിയ 51 തസ്തികകൾ കൂടാതെ 10.02.09 - ലെ സ.ഉ(പി)11/09/ സാക്ഷേവ പ്രകാരം 200 തസ്തികകൾ കൂടി ക്ലാസ് 3,4 വിഭാഗങ്ങളിൽ വികലാംഗരുടെ നിയമനത്തിന് അനുയോജ്യമെന്നുകണ്ടെത്തുകയുണ്ടായി. 06.08.05 - ലെ സ.ഉ(പി)119/ 05/സാക്ഷേവ പ്രകാരം ക്ലാസ് 1,2 വിഭാഗങ്ങളിലെ 20 തസ്തികകൾ വികലാംഗ നിയമനത്തിന് അനുയോജ്യമായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | വികലാംഗരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ഗവേഷണം നടത്തുന്നതിനും അവർക്കായി വിദ്യാഭ്യാസ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനും ഊന്നൽ നൽകുന്ന ഒരു പുതിയ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | കുട്ടികളിൽ ജനിതക സംബന്ധമായും മറ്റുമുണ്ടാകുന്ന ജന്മനായുള്ള സ്വഭാവ വൈകല്യങ്ങൾ, പഠനവൈകല്യം, പക്ഷാഘാതം, അത്യാഹിതങ്ങൾ വഴി തലച്ചോറിനുണ്ടാകുന്ന ക്ഷതഫലമായുള്ള വൈകല്യങ്ങൾ, മറവിരോഗം എന്നിവയിലിപ്പോൾ പഠനങ്ങൾ ഐക്കോൺസ് നടത്തുന്നുണ്ട്. എന്നാൽ പുതിയ സ്ഥാ പനം ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണനയിലില്ല. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ഡി) | ബാധകമല്ല. |
| (ഇ) | എങ്കിൽ എന്ന് പ്രാവർത്തികമാക്കും എന്ന് വെളിപ്പെടുത്തുമോ? | (ഇ) | ബാധകമല്ല. |

Mary Melanie Netto
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 216

01.07.2009 ൽ മറുപടിയ്ക്ക്

ഖാദി മേഖലയുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>" കെ.കെ. ജയചന്ദ്രർ<br>" മുരളി പെരുനെല്ലി<br>" ജോർജ് എം. തോമസ്<br>" കെ.സി. കുഞ്ഞിരാമൻ | ശ്രീ. എളമരം കരിം<br>(ബഹു. വ്യവസായ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഖാദി മേഖല സജീവമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ഖാദി തൊഴിലാളികളുടെ കോസ്റ്റ് ചാർട്ടിൽ 2007 മുതൽ 25% വും 2009 മുതൽ 50% വും വർദ്ധിപ്പിച്ചു. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽപാദന ഇൻസെന്റീവ് നൂൽപ്പിന് 10 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് 40 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഏറ്റുക്കുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. കാലപ്പഴക്കം ചെന്ന ചർക്കകളും തറികളും മാറ്റി നൽകുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി 1 കോടി രൂപ ചെലവഴിച്ചു.<br>ഖാദി സഹകരണ സംഘങ്ങളും ധർമ്മ സ്ഥാപനങ്ങളും പുനരുദ്ധരിക്കുന്നതിന് 1.5 കോടി രൂപ ചെലവഴിച്ചു. ഖാദിസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2009-2010 വർഷം 20 ലക്ഷം രൂപയും ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 25 ലക്ഷം രൂപയും |

വകയിരുത്തിയിട്ടുണ്ട്.

ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. അതുപോലെ കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി അധിക കേന്ദ്ര സഹായ ഫണ്ട് (ACA) ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ലസ്റ്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കംപ്യൂട്ടർവൽക്കരിക്കുന്നതിനായി 2009-10 -ൽ 50 ലക്ഷം രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ഖാദി കൈതൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തി.

ഖാദി റിബേറ്റ് കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുകയും 2009-10 സാമ്പത്തിക വർഷത്തെ ബജറ്റിൽ റിബേറ്റിന് വേണ്ടി 5.5. കോടി രൂപ വകയിരുത്തുകയും ചെയ്തു. ആഴ്ചയിൽ ഒരു ദിവസം സ്കൂൾ യൂണിഫോം ഖാദി/കൈത്തറി ആക്കണമെന്നും, സർക്കാർ ജീവനക്കാർ ഖാദി/കൈത്തറി ധരിക്കണമെന്നും നിർദ്ദേശിച്ചു. അതുവഴി വിൽപ്പനയിൽ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചു.

| | | | |
|---|---|---|---|
| (ബി) | ഈ മേഖലയിലെ മാർജിൻ മണി വായ്പയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും നൽകിയ മാർജിൻ മണി വായ്പയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. (30.09.2009 വരെ) |

| | | | |
|---|---|---|---|
| (സി) | ഖാദി ക്ഷേമനിധി ബോർഡിലേയ്ക്ക് സർക്കാർ വിഹിതമായി മുൻ സർക്കാർ എന്തു തുക അനുവദിച്ചു. ഈ സർക്കാർ എത്ര കോടി രൂപ അനുവദിച്ചു ; | (സി) | ഖാദി ക്ഷേമനിധി ബോർഡിലേയ്ക്ക് മുൻ സർക്കാർ യാതൊരു തുകയും അനുവദിച്ചില്ല. ഈ സർക്കാർ 2 കോടി രൂപ ഈ ഇനത്തിൽ അനുവദിച്ചു. |
| (ഡി) | ഖാദി മേഖലയിൽ വേതന വർദ്ധനവ് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ഡി) | ഉണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം ഖാദി തൊഴിലാളികളുടെ കോസ്റ്റ് ചാർട്ടിൽ 2007 മുതൽ 25% വും 2009 മുതൽ 50% വും വർദ്ധിപ്പിച്ചു. |
| (ഇ) | ഖാദി മേഖലയുടെ വൈവിധ്യവൽക്കരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഇ) | സിൽക്ക് തുണി നെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു. റെഡിമെയ്ഡ് വാർപ്പിംഗ് യൂണിറ്റുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു. ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി. |
| (എഫ്) | ജീവനക്കാരും വിദ്യാർത്ഥികളും ആഴ്ചയിലൊരിക്കൽ കൈത്തറി-ഖാദി ധരിക്കണമെന്ന സർക്കാർ അഭ്യർത്ഥനയെ തുടർന്ന് ഖാദി വില്പനയിൽ എന്ത് മാത്രം വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (എഫ് | 20% വിൽപ്പന വർദ്ധനവ് ഉണ്ടായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .217 — 01.07.09ൽ മറുപടിക്ക്**

**വിഴിഞ്ഞം തുറമുഖത്തിൻെറ ടെൻഡർ നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. വർക്കല കഹാർ | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം തുറമുഖത്തിൻെറ ടെൻഡർ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്നു വ്യക്തമാക്കുമോ; | എ, ബി, സി, ഡി & ഇ | വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി തെരഞ്ഞെടുത്ത ലാൻകോ കൊണ്ടപ്പള്ളി പവർ ലിമിറ്റഡ് ലീഡ് മെമ്പറായ കൺസോർഷ്യത്തിന് പദ്ധതി നടത്തിപ്പിനായി ലെറ്റർ ഓഫ് ഇൻഡൻെറ് നൽകി. ഈ സമയം പദ്ധതിക്കു വേണ്ടി ദർഘാസ് സമർപ്പിച്ച മറ്റൊരു കമ്പനിയായ സൂം ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് കേരള ഹൈക്കോടതിയിൽ കേസ് നൽകി. ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നടന്ന കേസ്സുകളിലെ വിധികളുടെ അടിസ്ഥാനത്തിൽ സൂം ഡെവലപ്പേഴ്സിൻെറ ടെക്നിക്കൽ ബിഡ്, ബിഡ് ഇവാലുവേഷൻ കമ്മിറ്റി പരിശോധിച്ചു. അവർ ടെക്നിക്കലി ക്വാളിഫൈഡ് അല്ല എന്ന് കണ്ടത് കൊണ്ട് ഇക്കാര്യം സുപ്രീം കോടതിയെ അറിയിക്കുകയും സുപ്രീം കോടതി അത് അംഗീകരിക്കുകയും സൂം ഡെവലപ്പേഴ്സിന് പരാതി ഉണ്ടെങ്കിൽ അപ്രോപ്രിയേറ്റ് ഫോറത്തിനെ സമീപിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതിൻെറ അടിസ്ഥാനത്തിൽ സൂം ഡെവലപ്പേഴ്സ് നൽകിയ അധിക രേഖകളും വിശദീകരണങ്ങളും ടെക്നിക്കൽ കൺസൾട്ടൻറും ബിഡ് ഇവാലുവേഷൻ കമ്മിറ്റിയും വീണ്ടും പരിശോധിക്കുകയും സൂം ഡെവലപ്പേഴ്സ് ഇതിലും ക്വാളിഫൈ ചെയ്യുന്നില്ല എന്ന റിപ്പോർട്ട് സർക്കാരിന് 18.06.2009ന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലെറ്റർ ഓഫ് ഇൻഡൻെറ് കൈപ്പറ്റിയ ലാൻകോ കൊണ്ടപ്പള്ളി പവർ ലിമിറ്റഡ് പദ്ധതിയിൽ നിന്നും പിന്മാറിയതായി 24.06.2009ൽ കത്ത് മുഖാന്തിരം അറിയിച്ചിരിക്കുകയാണ്. ഈ രണ്ട് വിഷയങ്ങളും സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ബി | ഏതെല്ലാം ടെൻഡറുകളാണ് ഇപ്പോൾ പരിഗണനയിലുള്ളത്; | | |
| സി | സൂം ഡവലപ്പേഴ്സിൻെറ സാങ്കേതിക ബിഡ് പരിശോധിച്ചുവോ; എങ്കിൽ അവർക്ക് യോഗ്യതാ മാർക്ക് നേടാനുള്ള അവകാശമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വ്യക്തമാക്കുമോ; | | |
| ഡി | യോഗ്യതാ മാർക്ക് നേടാനാകാത്ത പക്ഷം അടുത്തതായി പണി കിട്ടാൻ അർഹതയുള്ളവരുടെ ടെൻഡർ അംഗീകരിച്ചാൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ; | | |
| ഇ | സംസ്ഥാനത്തിന് നഷ്ടമുണ്ടാകാത്ത വിധത്തിൽ എത്രയും പെട്ടന്ന് തുറമുഖത്തിൻെറ നിർമ്മാണ ജോലികൾ ആരംഭിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും, ഇതനുസരിച്ച് പണി എന്നാരംഭിക്കുമെന്നും വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .218** **01.07.09ൽ മറുപടിക്ക്**

## തുറമുഖങ്ങളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ

**ചോദ്യം**
ശ്രീ.സി.കെ.പി.പത്മനാഭൻ
ശ്രീ.എം.കെ.പുരുഷോത്തമൻ
ശ്രീ. സാജു പോൾ
ശ്രീ.സി.കെ.സദാശിവൻ
ശ്രീ.സി.എച്ച്.കുഞ്ഞമ്പു

**മറുപടി**
ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കേരളത്തിലെ തുറമുഖങ്ങളുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) | കേരളത്തിലെ 17 തുറമുഖങ്ങളിൽ വികസന സാദ്ധ്യതയുള്ള 6 തുറമുഖങ്ങളെ ആദ്യഘട്ടത്തിൽ വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>1) വിഴിഞ്ഞം തുറമുഖത്തെ സർക്കാർ സ്വകാര്യ പങ്കാളിത്തം വഴി BOT അടിസ്ഥാനത്തിൽ ഒരു അന്താരാഷ്ട്ര ആഴക്കടൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെൻറ് ടെർമിനലായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി Bidder റെ കണ്ടെത്തുവാൻ നടപടികൾ തുടർന്നു വരുന്നു.<br>2) പൊന്നാനി തുറമുഖത്തെ സർക്കാർ - സ്വകാര്യ പങ്കാളിത്തത്തോടു കൂടി BOT അടിസ്ഥാനത്തിൽ ഒരു all weather port ആയി Swiss Challenge മാതൃക അവലംബിച്ച് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി M/s.Malabar Ports (Pvt) Ltd അവരുടെ സ്വന്തം ചെലവിൽ പദ്ധതിരേഖ തയ്യാറാക്കി സമർപ്പിച്ചു. മൂന്നു ഘട്ടങ്ങളിലായി വികസനം നിർദ്ദേശിച്ചിട്ടുള്ള പ്രസ്തുത റിപ്പോർട്ട് പ്രകാരം 25,000 DWT മുതൽ 60,000 DWT ശേഷിയുള്ള കപ്പലുകളെ കൈകാര്യം ചെയ്യുന്ന രീതിയിൽ ഒന്നാം ഘട്ടം വികസിപ്പിക്കുവാനും ഭാവിയിൽ വൻശേഷിയുള്ള കപ്പലുകളെ കൈകാര്യം ചെയ്യുന്ന രീതിയിൽ വികസിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. ഒന്നാം ഘട്ട വികസനത്തിന് 532 കോടി രൂപയാണ് ഉദ്ദേശ പദ്ധതി ചെലവ്.<br><br>3. ഏകദേശം 25 കോടി രൂപ ചെലവിൽ കൊല്ലം തുറമുഖത്തെ വികസന പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു. 30 വർഷങ്ങൾക്കുശേഷം ആദ്യമായി ഈ മാസം കപ്പൽ ഗതാഗതം പുനരാരംഭിച്ചു. കൊല്ലം തുറമുഖത്ത് സർക്കാർ -- സ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി DFR തയ്യാറാക്കുന്നതിന് M/s.Deloitte Touche Tohmatsu India (Pvt) Ltd നെ നിയമിച്ചു. ഇവരുമായി കരാറിൽ ഏർപ്പെട്ട് |

| | | | |
|---|---|---|---|
| | | | 16 ആഴ്ചയ്ക്കുള്ളിൽ DFR സമർപ്പിക്കുന്നതാണ്.<br>4. ആലപ്പുഴ തുറമുഖം സർക്കാർ - സ്വകാര്യ പങ്കാളിത്തം വഴി ഒരു മറിനയും കാർഗോ പോർട്ടും ആയി വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടൻറിനെ നിയമിക്കുന്നതിനുള്ള TOR അംഗീകരിച്ചു. ഇതിനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി.<br>5. ബേപ്പൂർ തുറമുഖത്തെ സർക്കാർ സ്വകാര്യ പങ്കാളിത്തം വഴി ഒരു all weather port ആയി വികസിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതിനായി DPR തയ്യാറാക്കുന്നതിന് ആഗോള ടെണ്ടർ വഴി M/s.Consulting Engineering Services India (Pvt) Ltd കൺസൾട്ടൻറിനെ കണ്ടെത്തി. ഇവരുമായി കരാറിൽ ഒപ്പിടാൻ നടപടികൾ സ്വീകരിച്ചു വരുന്നു.<br>6. അഴീക്കൽ തുറമുഖത്തെ് സർക്കാർ - സ്വകാര്യ പങ്കാളിത്തം വഴി വികസിപ്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതിനായി DPR തയ്യാറാക്കുവാൻ ദർഘാസ് വഴി M/s.Deloitte Touche Tohmatsu (Pvt) Ltd എന്ന കൺസൾട്ടൻറിനെ നിയമിച്ചു. ഇവരുമായി 18/12/08ൽ കരാറിൽ ഏർപ്പെട്ടു. DPR കരട് തയ്യാറാക്കിയത് പ്രാഥമിക വിലയിരുത്തൽ കഴിഞ്ഞു. |
| ബി | ഈ സർക്കാർ നിലവിൽ വന്ന ശേഷം കൊല്ലം തുറമുഖത്തിന്റെ വികസനത്തിനുവേണ്ടി എത്ര കോടി രൂപ ചെലവഴിച്ചുവെന്നും ഇവ ഏതൊക്കെ പ്രവർത്തികൾക്കാണെന്നും വ്യക്തമാക്കുമോ; | ബി & സി | 1. Plan scheme -ൽ ഉൾപ്പെടുത്തി താഴെ പറയുന്ന ജോലികൾ നടപ്പിലാക്കുന്നു:-<br>i) തങ്കശ്ശേരി പോർട്ട് റോഡിന്റെ നിർമ്മാണം - 40 ലക്ഷം.<br>ii) തങ്കശ്ശേരി തുറമുഖത്ത് Transit-shed ന്റെ നിർമ്മാണം - 72 ലക്ഷം.<br>iii) തുറമുഖത്തിന്റെ ചുറ്റും ചുറ്റുമതിൽ നിർമ്മാണം - 23 ലക്ഷം.<br>iv) യാർഡ് നിരപ്പാക്കൽ - 16 ലക്ഷം.<br>v) പള്ളിത്തോട്ടം Port godown ന്റെ പുതുക്കി പണിയൽ - 23 ലക്ഷം<br>vi) വൈദ്യുതിവൽക്കരണം - 70 ലക്ഷം<br>vii) ഇരവിപുരം - പരവൂർ തീരദേശ റോഡ് - 51 ലക്ഷം. |

| | | | |
|---|---|---|---|
| സി | പ്രസ്തുത തുറമുഖത്തിന്റെ വികസനം പൂർത്തിയാക്കുന്നതിനു വേണ്ടി എന്തൊക്കെ പ്രവർത്തികളാണ് ചെയ്യാനുദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ; | | 2. ASIDE Scheme ൽ ഉൾപ്പെടുത്തി താഴെ പറയുന്ന ജോലികൾ നടപ്പിലാക്കുന്നു.<br>i) Yard development - 180 ലക്ഷം.<br>ii) Cargo wharf ന് നീളം കൂട്ടൽ - 450 ലക്ഷം.<br>iii) a) retaining wall നിർമ്മാണം<br>b) Pallithotam to Vadi റോഡ് നിർമ്മാണം - 650 ലക്ഷം. ASIDE scheme -ൽ 660 ലക്ഷം രൂപയുടെ നിർമ്മാണം പൂർത്തീകരിച്ചു. 300 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.<br>3. കൂടാതെ തങ്കശ്ശേരി തുറമുഖത്ത് കൂടുതൽ ജോലികൾ നടപ്പാക്കുന്നതിനായി ASIDE scheme -ൽ നിന്നും Rs.16.10 Cr കേന്ദ്ര സർക്കാരിനോട് പദ്ധതിയുണ്ടാക്കി ആവശ്യപ്പെട്ടിട്ടുണ്ട്.<br>4. TRP Scheme -ൽ ഉൾപ്പെടുത്തി താഴെ പറയുന്ന ജോലികൾ ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>i) Transit shed നിർമ്മാണം - 120 ലക്ഷം<br>ii) ക്രെയിൻ വാങ്ങൽ - 200 ലക്ഷം<br>iii) തങ്കശ്ശേരി മുതൽ കൊല്ലം വരെ റോഡ് നിർമ്മാണം.- 90 ലക്ഷം<br>iv) തങ്കശ്ശേരി തുറമുഖത്ത dredging - 150 ലക്ഷം.<br>TRP -ൽ 43.9 ലക്ഷം രൂപ ചിലവാക്കിയിട്ടുണ്ട്. |
| ഡി | ഇപ്പോൾ ഏതെല്ലാം തുറമുഖങ്ങളുടെ വികസനപ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇവ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | | കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരുന്നു. ഇവ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 219 — 01-07-2009-ൽ മറുപടിയ്ക്ക്

## യുവശക്തി പദ്ധതിയും യൂത്ത് ക്ലബ്ബുകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.ബാബു എം.പാലിശ്ശേരി:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>യുവജനക്ഷേമ ബോർഡ് യുവശക്തി പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിയത് എന്നും ഈ ജില്ലകളിലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ; | (എ)<br>യുവശക്തി പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലെയും പ്രവർത്തനം വിലയിരുത്തുന്നതിനായും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എല്ലാ തലങ്ങളിലും യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയും ഉപദേശക സമിതികളും രൂപീകരിച്ചിട്ടുണ്ട്. |
| (ബി)<br>യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് യുവജന ക്ഷേമ ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (ബി)<br>ജില്ലാ തലങ്ങളിലെ യൂത്ത് ക്ലബ്ബുകൾ വഴി യുവജനങ്ങൾക്കായുള്ള സ്വയം തൊഴിൽ പരിശീലന പരിപാടി നടത്തുന്നുണ്ട്. അതിലൂടെ സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ബോട്ട്ക്ലബ്ബ് പരിശീലനം, ജാലകം പദ്ധതി, ദൃശ്യമാധ്യമ അവതാരക പരിശീലനം, യുവ കാർഷിക ക്ലബ്ബുകൾ, വനിതാ യൂത്ത് ക്ലബ്ബുകൾ, ലേബർ ബാങ്ക്, തൊഴിൽ ക്ലബ്ബ്, ഹരിതതീരം, ക്ഷീരധാര എന്നീ പരിപാടികളും നടത്തുന്നുണ്ട്. ഇതിന് മേൽനോട്ടം വഹിക്കുന്നതിന് യുവശക്തി പദ്ധതിയുടെ ഭാഗമായിട്ട് എല്ലാ പഞ്ചായത്തുകളിലും 1500/- രൂപ ഓണറേറിയം അടിസ്ഥാനത്തിൽ യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിച്ചു |
| (സി)<br>എല്ലാ ഗ്രാമപഞ്ചായത്തുകളിലും യൂത്ത് ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; എങ്കിൽ അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി)<br>എല്ലാ ഗ്രാമപഞ്ചായത്തിന്റെയും പരിധിയിൽ പ്രവർത്തിക്കുന്ന രജിസ്ട്രേഷൻ ഉള്ള യൂത്ത് ക്ലബ്ബുകളെ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ക്ലബ്ബുകളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ, സ്വയം തൊഴിൽ പരിശീലന പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ, കാർഷിക പദ്ധതികൾ, മറ്റു നവീന പ്രോജക്ടുകൾ എന്നിവ നടപ്പിലാക്കുന്നതിന് ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 220 . 01-07-2009-ൽ മറുപടിയ്ക്ക്

ബാല്യ - കൗമാര കായികാരോഗ്യ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.മഞ്ഞളാംകുഴി അലി:**<br>**ശ്രീ.കെ.കുഞ്ഞിരാമൻ:**<br>**ശ്രീ.എം.എം.മോനായി:**<br>**ശ്രീ.പി.വിശ്വൻ:**<br>**ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:** | **ശ്രീ.എം.വിജയകുമാർ**<br>**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)** |
| (എ)<br>ആരോഗ്യ രക്ഷയ്ക്കായി സംസ്ഥാന കായിക വികസന വകുപ്പ് തുടങ്ങുന്ന ബാല്യ - കൗമാര കായികാരോഗ്യ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ)<br>സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ കായിക ക്ഷമത ഉയർത്തുന്നതിനായി കായിക, വിദ്യാഭ്യാസ, ആരോഗ്യ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ സംയുക്തമായി നടത്തുന്നത് സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയാണ് (റ്റി.പി.എഫ്.പി.). മുഴുവൻ സ്കൂൾ കുട്ടികളുടെയും ആരോഗ്യ സംബന്ധമായ കായിക ക്ഷമത വിലയിരുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രാഥമിക ഉദ്ദേശം. 2007 നവംബർ ഒന്നിന് ബഹു:രാഷ്ട്രപതി ശ്രീമതി.പ്രതിഭാ പാട്ടീൽ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. 2008 - 2009 അദ്ധ്യയന വർഷം സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി സംസ്ഥാനത്തെ 73% സ്കൂളുകളിലും നടപ്പാക്കിയിട്ടുണ്ട്. |
| (ബി)<br>പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട്; | (ബി)<br>സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. |

| | |
|---|---|
| (സി) | (സി) |
| പദ്ധതി നടപ്പാക്കുന്നതിന് നിയമിച്ച റിസോഴ്സ് ഗ്രൂപ്പിന് പരിശീലനം നൽകിയിട്ടുണ്ടോ; | സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയുടെ നടത്തിപ്പിനായി റിസോഴ്സ് ഗ്രൂപ്പിനെ നിയമിച്ചിട്ടില്ല. പദ്ധതിക്കായി എല്ലാ ജില്ലകളിലും കോ-ഓർഡിനേറ്റർമാരെയും, ചീഫ് കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. ഇവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) | (ഡി) |
| പദ്ധതി കുടുംബശ്രീ ബാലസഭകളിൽ മാത്രമായി പരിമിതപ്പെടുത്തുന്നത് എന്തുകൊണ്ടാണ്; | ഈ പദ്ധതി നടത്തിപ്പുമായി കുടുംബശ്രീ യൂണിറ്റുകൾക്ക് ബന്ധമില്ല. സംസ്ഥാനത്തെ സ്കൂളുകൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഇ) | (ഇ) |
| പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ലഘുഭക്ഷണം നൽകുന്നതിന് തുക അനുവദിക്കുമോ; | ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | (എഫ്) |
| പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ ? | ഉണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221 | | 01.07.2009 -ൽ മറുപടിയ്ക്ക് |
|---|---|---|
| **സാമൂഹ്യക്ഷേമ പദ്ധതികൾ** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീ.ജോസഫ് എം. പുതുശ്ശേരി<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നിനുമുള്ള അടങ്കൽ തുക , ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതം, മറ്റ് ഏജൻസികളുടെ വിഹിതം എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം സാമൂഹ്യക്ഷേമ വകുപ്പും ടി വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, കേരള വനിതാ കമ്മീഷൻ എന്നിവയിലൂടെ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദവിവരം അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. സംസ്ഥാന സർക്കാർ വിഹിതം, കേന്ദ്ര സർക്കാർ വിഹിതം എന്നിവയല്ലാതെ മറ്റ് ഏജൻസികളുടെ വിഹിതം ഈ വകുപ്പിന്റെ കീഴിലുള്ള ഒരു പദ്ധതിയിലും ഇല്ല. |
| (ബി) | സാമൂഹ്യക്ഷേമ പദ്ധതി നടത്തിപ്പുവഴി സാമൂഹ്യ സുരക്ഷ, സാമൂഹ്യ സമത്വം എന്നിവ ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) സാമൂഹ്യക്ഷേമ സുരക്ഷ ഉറപ്പാക്കുന്നതിനായി അനുബന്ധം - 2ൽ കൊടുത്തിരിക്കുന്ന പദ്ധതികളോടൊപ്പം സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സാമൂഹ്യ സുരക്ഷാ മിഷൻ എന്ന ഒരു സൊസൈറ്റി രൂപീകരിക്കുകയുണ്ടായി. അതിനു പുറമേ വനിതാ വികസന പദ്ധതിയിലുൾപ്പെടുത്തി ലൈംഗിക തൊഴിലാളികളുടെ പുനരധിവാസം, ലിംഗബോധവത്കരണ പരിപാടി പ്രകാരം എച്ച്.ഐ.വി./ എയ്ഡ്സ് ബാധിതർക്ക് പോഷകാഹാര വിതരണം, തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, ക്ഷേമ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനത്തിനായി ധനസഹായം എന്നിവ നൽകി വരുന്നു. |

| | | |
|---|---|---|
| | | വനിതാ വികസന കോർപ്പറേഷൻ ഫിനിഷിംഗ് സ്കൂൾ ആന്റ് ജെണ്ടർ ബോധവൽക്കരണ പദ്ധതി പ്രകാരം വനിതകൾക്ക് വിവിധ തൊഴിലധിഷ്ഠിത പരിപാടികളും ജെണ്ടർ ബോധവത്കരണ പരിപാടിയും നടപ്പിലാക്കി വരുന്നു. കൂടാതെ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാ - വശ്യമായ സ്വയം തൊഴിൽ വായ്പാ പദ്ധതികളും അവിവാഹിതരായ അമ്മമാർ, വിധവകൾ തുടങ്ങിയവരുടെ ഉന്നമനത്തിനായി ചെറു സംരംഭങ്ങൾ തുടങ്ങുന്നതിന് 10,000/-രൂപ വീതം ഗ്രാന്റ് ആയി നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് കുടുംബത്തിനുള്ളിൽ സംഭവിക്കുന്ന അക്രമം വിവേചനം തുടങ്ങിയവയിൽ നിന്നും വനിതകളെ സംരക്ഷിക്കുന്നതിനും അതുവഴി സാമൂഹ്യസുരക്ഷ, സാമൂഹ്യസമത്വം എന്നിവ ഉറപ്പാക്കുന്നതിനുമായി മഹിളാ മന്ദിരങ്ങൾ, ഷോർട്ട് സ്റ്റേ ഹോമുകൾ, ഫാമിലി കൗൺസിലിംഗ് സെന്ററുകൾ എന്നിവ ഉൾപ്പെട്ട 71 സ്ഥാപനങ്ങളെ PWDV Act ന്റെ 10 (1) വകുപ്പ് പ്രകാരം സർവ്വീസ് പ്രൊവൈഡർമാരായി തെരഞ്ഞെടുത്തു. ഇവിടങ്ങളിൽ ലീഗൽ കൗൺസിലർമാരുടേയും ക്ലിനിക്കൽ സൈക്കോളജിസ്റ്റ് മാരുടേയും സേവനം ലഭ്യമാക്കുന്നുണ്ട്. ഇതുവഴി ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്ക് സൗജന്യ നിയമസഹായവും മന:ശാസ്ത്രജ്ഞന്റെ സേവനവും ആവശ്യ സന്ദർഭങ്ങളിൽ പുനരധിവാസവും മരുന്നും ലഭ്യമാക്കുന്നുണ്ട്.<br>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന വികലാംഗരുടെ പുനരധിവാസത്തിനും അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിവിധങ്ങളായ ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |

| | | |
|---|---|---|
| | | വനിതാ കമ്മീഷനാകട്ടെ സ്ത്രീധന ഗാർഹിക പീഡനത്തിന് വിധേയമാകുന്ന സ്ത്രീകൾക്ക് കാലതാമസം കൂടാതെ നീതി ലഭിക്കുന്നതിന് ജില്ല/താലൂക്കുകൾ തോറും അദാലത്തുകൾ നടത്തുക, അവർക്ക് ലഭ്യമാകുന്ന നിയമാവകാശങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, തൊഴിൽ സാമൂഹ്യമേഖലകളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി യുക്തമായ ശുപാർശകൾ സമർപ്പിക്കുക, അതിക്രമത്തിന് വിധേയരാകുന്ന സ്ത്രീകളുടെ മാനസിക സംഘർഷം ഒഴിവാക്കുന്നതിനായി കൗൺസിലിംഗുകൾ നടത്തുക, വിവിധ വിഷയങ്ങളെപ്പറ്റി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ നടത്തുക, ജയിൽ, ആശുപത്രി എന്നിവ സന്ദർശിച്ച് സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, സ്ത്രീകളെ സമൂഹ മദ്ധ്യത്തിൽ മോശക്കാരായി ചിത്രീകരിക്കുന്ന ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക, വനിതകളുടെ കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് ഡോക്യുമെന്ററികളും വീഡിയോ, ആഡിയോ സ്പോട്ടുകളും നിർമ്മിച്ച് സംപ്രേക്ഷണം നടത്തുക, വിദ്യാർത്ഥിനികൾക്കായി കലാലയങ്ങൾ തോറും ലിംഗബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും , ദരിദ്ര്യരേഖയിൽ താഴെയുള്ളവർക്കും പിതൃത്വ പരിശോധനയ്ക്കായി (DNA Test) ധനസഹായം നൽകുക എന്നിവ ചെയ്യുവരുന്നു. |

| | | |
|---|---|---|
| (സി) | സമൂഹത്തിൽ ദുർബല വിഭാഗമായ സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (സി) സാമൂഹ്യക്ഷേമ വകുപ്പ് ദുർബല വിഭാഗമായ സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ അനുബന്ധം - 3ൽ കാണാവുന്നതാണ്.<br>വനിതാ വികസന കോർപ്പറേഷൻ ദുർബല വിഭാഗമായ സ്ത്രീകളുടെ ഉന്നമനത്തിനായി ഫിനിഷിംഗ് സ്കൂൾ പദ്ധതിയുടെ ഭാഗമായി വിവിധ തൊഴിൽ പരിശീലന പരിപാടികളും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി വായ്പാ പദ്ധതികളും പ്രൊഫഷണൽ കോഴ്സിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥിനികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പയും നൽകിവരുന്നു.<br>സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് ഇത്തരക്കാർക്കായി ക്രഷ് പ്രോഗ്രാം, ബോധവൽക്കരണ ക്യാമ്പുകൾ , സംക്ഷിപ്ത വിദ്യാഭ്യാസ പരിപാടി, ഫാമിലി കൗൺസിലിംഗ് സെന്ററുകൾ, ഷോർട്ട് സ്റ്റേ ഹോമുകൾ, ഹെൽപ്പ് ലൈനുകൾ, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ , വർക്കിംഗ് വിമൻ ഹോസ്റ്റലുകൾ എന്നിവ വിവിധ സന്നദ്ധ സംഘടനകൾ വഴി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 222

01.07.2009 ലെ മറുപടിയ്ക്ക്

**<u>സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിന് നടപടികൾ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.സി.എം.ദിനേശ് മണി | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ)വ്യവസായ മേഖലയെ ബാധിച്ചിട്ടുള്ള ആഗോള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ, അത് കേരള സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനെ ചുമതലപ്പെടുത്തുകയുണ്ടായി. താഴെ പറയുന്ന മേഖലകളിൽ ആഗോള സാമ്പത്തിക മാന്ദ്യം ബാധിക്കാനിടയുണ്ടെന്ന് സിഡിഎസിന്റെ പഠനത്തിൽ വ്യക്തമാക്കുകയുണ്ടായി.<br>1. കയറ്റുമതിയിലെ ഇടിവ്<br>2. വിദേശനാണ്യം വരുന്നതിലുള്ള കുറവ്<br>3. കൂടുതൽ വായ്പ കിട്ടുന്നതിനുള്ള തടസ്സം<br>4. ഐറ്റി, ടൂറിസം രംഗത്തെ മുരടിപ്പ്<br>5. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച<br>6. ഇറക്കുമതി ചെയ്യുന്ന വസ്തുക്കളുടെ വില<br><br>ക്രെഡിറ്റ് വളരെ കുറയുന്നത് ക്രെഡിറ്റ് ഡിപെന്റ് ആക്ടിവിറ്റി ആയ കശുവണ്ടി കയറ്റുമതി, വാഹനവില്പന, നിർമ്മാണ മേഖല, റിയൽ എസ്റ്റേറ്റ്, ചെറുകിട വ്യവസായങ്ങൾ എന്നിവയെ ബാധിയ്ക്കുന്നു. മാത്രമല്ല കശുവണ്ടി, ഏലം, റബ്ബർ, കൈത്തറി തുണികൾ എന്നിവയുടെ കയറ്റുമതിയും വിലയും 15% മുതൽ 40% വരെ കുറയും.<br><br>വിവരസാങ്കേതിക മേഖലയിൽ ഗ്രോത്ത് റേറ്റ് 50% കുറയാൻ സാധ്യതയുണ്ട്. മാത്രമല്ല ഓർഡറുകൾ കുറയാനും പുതിയ പദ്ധതികൾക്ക് താമസം നേരിടാനും സാഹചര്യം ഉണ്ടാകും.<br><br>സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി റവന്യൂ കമ്മി കൂടാനും, വളർച്ച 2 മുതൽ 3% വരെ കുറയുകയും ചെയ്യാം. തൊഴിൽ അധിഷ്ഠിത വ്യവസായങ്ങളെ ആയത് ബാധിക്കാൻ സാധ്യത കൂടുതലാണ്.<br><br>ആയത് തരണം ചെയ്യുന്നതിലേക്ക് ചില നടപടിനിർദ്ദേശങ്ങളും റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.<br>**<u>പ്രത്യാഘാതം കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ:</u>**<br>(i) കൂടുതൽ വായ്പ ലഭ്യമാക്കുക<br>(ii) നിർമ്മാണ, റിയൽ എസ്റ്റേറ്റ് വ്യവസായങ്ങളിലെ മാന്ദ്യത കുറയ്ക്കുന്നതിനു വേണ്ടി സ്റ്റാമ്പ് ഡ്യൂട്ടി ഏകീകരിക്കുക |

| | |
|---|---|
| | (iii) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക<br>(iv) അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കൂടുതൽ നിക്ഷേപങ്ങൾ നടത്തുക<br>(v) കൃഷി വൈവിദ്ധ്യവരണം നടത്തുക തുടങ്ങിയവയാണ്.<br>(vi) NREGP എല്ലാ ജില്ലകളിലും നടപ്പാക്കുക<br><br>സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങളും പഠനറിപ്പോർട്ട് മുന്നോട്ടു വച്ചിരുന്നു.<br>➢ കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുക<br>➢ നിക്ഷേപകരെ, പ്രത്യേകിച്ച് എൻ.ആർ.ഐ നിക്ഷേപകരെ വ്യവസായ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് പ്രേരിപ്പിക്കുക<br>➢ അടിസ്ഥാന പശ്ചാത്തല വികസനത്തിനായി ഒരു 'പി.പി.പി' മോഡൽ വികസിപ്പിക്കുക<br>➢ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളെ പ്രത്യേക സാമ്പത്തിക മേഖലകളായി പരിഗണിക്കുക<br>➢ ഗവൺമെന്റിന്റെ കൈവശമുള്ള Non-forest land സ്വകാര്യസംരംഭകർക്ക് competitive rate ൽ നൽകുക<br>➢ നിർമ്മാണ മേഖലയ്ക്ക് ഊന്നൽ നൽകുന്ന നിലയ്ക്ക് കച്ചവട സ്ഥാപനങ്ങൾ, കെട്ടിട സമുച്ചയങ്ങൾ, എന്റർടെയ്ൻമെന്റ് ഹാളുകൾ എന്നിവ നിർമ്മിക്കുക.<br><br>കൂടുതൽ നിക്ഷേപങ്ങൾ ആകർഷിച്ചും കൂടുതൽ വായ്പാ ലഭ്യത ഉറപ്പാക്കിയും ജനങ്ങൾക്ക് ചിലവഴിക്കുന്നതിന് തുക ഉണ്ടാകുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കിയും മാന്ദ്യം മറികടക്കാവുന്നതാണെന്ന് പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു.<br><br>സാമ്പത്തിക രംഗത്ത് ഉത്തേജനവും ഉണർവും പ്രദാനം ചെയ്യുന്നതിലേക്ക് കൂടുതൽ നിക്ഷേപം ആവശ്യമാണ്. ഈ നിർദ്ദേശങ്ങൾ സമയബന്ധിതമായി പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി ധനകാര്യ മന്ത്രി അദ്ധ്യക്ഷനായ ഒരു സമിതി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.<br><br>അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനത്തിനായി ഒരു പി.പി.പി മോഡൽ നിർദ്ദേശം അംഗീകരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്.<br><br>സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കായി ബാങ്കുകളുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേക്ക് സംസ്ഥാന ഗവൺമെന്റ് ഇക്വിറ്റിയായി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ചെറുകിട വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി മാർജിൻ മണി വായ്പ, മൂലധന നിക്ഷേപ സബ്സിഡി, വിപണി കണ്ടെത്തുന്നതിന് ആവശ്യമായ സഹായങ്ങൾ എന്നിവ ഗവൺമെന്റ് ചെയ്തു വരുന്നു. |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ മേഖലയിൽ വിദേശ നിക്ഷേപം ആകർഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തുമാത്രം വിദേശ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) യും (സി) യും: ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശ നിക്ഷേപം ആകർഷിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദേശ നിക്ഷേപം ആകർഷിക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഇൻകെൽ എന്ന സ്ഥാപനം ആരംഭിച്ചത്. കൂടാതെ കേരളത്തിലെ വ്യവസായ പ്രോത്സാഹന സ്ഥാപനങ്ങളായ കെ.എസ്.ഐ.ഡി.സി യും കിൻഫ്രയും വിദേശ നിക്ഷേപം ആകർഷിക്കുന്നതിലേക്ക് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും അതിന്റെ ഫലമായി കിൻഫ്ര പാർക്കുകളിലും കെ.എസ്.ഐ.ഡി.സി യുടെ ആഭിമുഖ്യത്തിലും വിദേശ സംരംഭകർ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) വിദേശത്തുള്ള മലയാളികൾക്ക് വ്യാവസായിക മേഖലയിൽ നിക്ഷേപം നടത്താൻ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇൻകെലിന്റെ കീഴിൽ 6500 ലക്ഷം രൂപയുടെ നിക്ഷേപവും, കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ വിദേശ മലയാളികളുടെ സാമ്പത്തിക സഹായത്തോടെ 11531.5 ലക്ഷം രൂപയുടെ നിക്ഷേപവും, കെ.എസ്.ഐ. ഡി.സി യുടെ വിവിധ പാർക്കുകളിൽ വിദേശ മലയാളികളുടെയും വിദേശികളുടേതുമായി 6601 ലക്ഷം രൂപയുടെയും നിക്ഷേപം ഉണ്ടായിട്ടുണ്ട്. |

Rajesh

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 223

1.7.2009-ൽ മറുപടിക്ക്

കളിമൺ ഖനനത്തിന് പുതിയ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കളിമൺ ഖനനവുമായി ബന്ധപ്പെട്ട് ഒരു പുതിയ നിയമത്തിന് രൂപം നൽകുന്നുണ്ടോ; | (എ) കളിമൺ ഖനനവുമായി ബന്ധപ്പെട്ട് പുതിയ നിയമത്തിന് രൂപം നൽകുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) എങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (ബി), (സി), (ഡി) & (ഇ) ബാധകമല്ല |
| (സി) നിയമം പ്രാബല്യത്തിൽ വരുന്നതോടെ വയലുകളും പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളുമടക്കം കുഴിക്കാനും നികത്താനും നിയമപരമായി തന്നെ സാദ്ധ്യമാകുമെന്ന വിലയിരുത്തൽ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | |
| (ഡി) നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തിന് വിരുദ്ധമാണ് ഈ നിയമമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | |
| (ഇ) റവന്യൂ-കൃഷി വകുപ്പുകൾ ഈ നിയമം സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 224

01.07.2009-ൽ മറുപടിക്ക്.

### കൊച്ചിയിൽ നടന്ന വ്യവസായ നിക്ഷേപക സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ :<br>ശ്രീ. എം.എം. മോനായി :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം: | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ജില്ലാ വ്യവസായ കേന്ദ്രത്തി-ന്റെ ആഭിമുഖ്യത്തിൽ ഈ മാസം കൊച്ചിയിൽ നടത്തിയ വ്യവസായ നിക്ഷേപക സംഗമത്തിൽ എത്ര കോടി രൂപയുടെ പദ്ധതികൾ അവതരിപ്പിക്കുകയുണ്ടായി ; | (എ) എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം കൊച്ചിയിൽ നടത്തിയ വ്യവസായ നിക്ഷേപ സംഗമത്തിൽ 1372 കോടി രൂപയുടെ പദ്ധതി അവതരിപ്പിച്ചു. |
| (ബി) അതിൽ എത്ര കോടി രൂപ-യുടെ പദ്ധതികൾ അംഗീകരിക്കുന്നതിന് ധാരണയായിട്ടുണ്ട് ; | (ബി) ടി. വ്യവസായ നിക്ഷേപ സംഗമത്തിൽ 110 സംരംഭകർക്കായി 125 കോടി രൂപയുടെ പദ്ധതികൾക്ക് ധനകാര്യ സ്ഥാപനങ്ങളുമായി ധാരണയായിട്ടുണ്ട്. |
| (സി) വ്യവസായ സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യ-ങ്ങളാണ് നൽകി വരുന്നത് ; സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) വ്യവസായ സംരംഭകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ പ്രധാനമായും മാർജിൻ മണി വായ്പ, മൂലധന നിക്ഷേപ സബ്സിഡി, സാങ്കേതിക-വിദ്യാ വികസനനിധി, പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം, കാർഷികാധിഷ്ഠിത ഭക്ഷ്യസംസ്ക്കരണ വ്യവസായങ്ങൾക്കുള്ള സാമ്പത്തിക സഹായങ്ങൾ, കരകൗശല സഹകരണ സംഘങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ തുടങ്ങിയവയാണ്. വ്യവസായ സംരംഭകർക്ക് 6% പലിശ നിരക്കിലാണ് വ്യവസായ വകുപ്പ് മാർജിൻ മണി വായ്പ നൽകി വരുന്നത്. കൂടാതെ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പ ആർ.ബി.ഐ-യുടെ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ്. |

(തുടർച്ച....2)

(ഡി) നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും സഹായവും നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ?

(ഡി) നിക്ഷേപകന് ആവശ്യമായ മാർഗ്ഗ നിർദ്ദേശവും സഹായവും നൽകുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് കീഴിൽ എന്റർപ്രണർ ഗൈഡൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ സെല്ലുകൾ വഴി നിക്ഷേപകന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. കൂടാതെ വ്യവസായ വികസന ഓഫീസർമാർ, താലൂക്ക് വ്യവസായ ഓഫീസർമാർ, ജില്ലാ വ്യവസായ ഓഫിസർമാർ എന്നിവരെ സമീപിക്കുന്ന നിക്ഷേപകന് ആവശ്യമായ മാർഗ്ഗ നിർദ്ദേശവും ഹാൻഡ് ഹോൾഡിംഗ് സർവ്വീസും നൽകുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 225 — 01.07.2009-ൽ മറുപടിക്ക്

## ധാതുനിക്ഷേപം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി..വി. അബ്ദുള്ളക്കുട്ടി എം.എൽ.എ<br>ശ്രീ.പി.. കൃഷ്ണപ്രസാദ് എം.എൽ.എ<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ എം.എൽ.എ<br>ശ്രീ. എ.എം. ആരിഫ് എം.എൽ.എ | ശ്രീ.എളമരം കരീം<br>ബഹു.വ്യവസായ വകുപ്പ് മന്ത്രി |
| (എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സംസ്ഥാനത്തെ ധാതുനിക്ഷേപം സംബന്ധിച്ച് നടത്തി വരുന്ന പഠനങ്ങളുടെ വിശദാംശം നൽകുമോ; | (എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സംസ്ഥാനത്തെ ധാതുനിക്ഷേപം സംബന്ധിച്ച് നടത്തി വരുന്ന പഠനങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. ചീനകളിമൺ പര്യവേഷണം കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരത്തെ കൊമ്മങ്ങൽപദവ്, നീലേശ്വരത്തെ എരിക്കുളം, മാൽപ്പച്ചേരി എന്നീ പ്രദേശങ്ങളിലും കണ്ണൂർ ജില്ലയിൽ കണ്ണപുരം ഭാഗത്തും കൊല്ലം ജില്ലയിൽ കുണ്ടറ, കാഞ്ഞിരക്കോട് എന്നീ സ്ഥലങ്ങളിലും നടന്നുവരുന്നു.<br>2. ചെറുകിട ധാതു ക്വാറികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സർവ്വേ കോട്ടയം, ആലപ്പുഴ ജില്ലകളിൽ നടന്നുവരുന്നു. |

| | |
|---|---|
| (ബി) ഇരുമ്പയിർ പര്യവേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇരുമ്പയിർ നിക്ഷേപം കണ്ടെത്തിയിട്ടുള്ളത്; | (ബി) ഉണ്ട്. കോഴിക്കോട് ജില്ലയിലെ എലിയോട്ടിമല, നടുവല്ലൂർ, നൻമിണ്ട, ചെറുപ്പ ആലംപാറ എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിലെ കൊരട്ടിമല എന്ന സ്ഥലത്തും 1968 മുതലുള്ള പഠനത്തിലൂടെ ഇരുമ്പയിര് നിക്ഷേപമുള്ളതായി സ്ഥിരീകരിച്ചിട്ടുണ്ട്. |
| (സി) മലപ്പുറം ജില്ലയിലെ മരുത പ്രദേശത്തെ സ്വർണ്ണ നിക്ഷേപ പര്യവേഷണത്തിന് വനം, പരിസ്ഥിതി മന്ത്രാലയങ്ങളുടെ അനുമതി ലഭിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ധാതുക്കളുടെ ഖനനം നിയന്ത്രിക്കുന്നതിനും ക്വാറികളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും നിലവിലുള്ള സംവിധാനമെന്താണ്; | (ഡി) ധാതുക്കളുടെ ഖനനം നിയന്ത്രിക്കുന്നതിനും ക്വാറികളുടെ പ്രവർത്തനം പരിശോധിക്കുന്നതിനുമായി 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡവലപ്മെന്റ് & റഗുലേഷൻ) ആക്ടും അതിന് കീഴിൽ 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളും നിലവിലുണ്ട്. ടി ചട്ടങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് ജില്ലാ തലത്തിൽ 14 ആഫീസുകളും സിലിക്കാ മണലിന്റെ കാര്യത്തിൽ നിയമപരിപാലനത്തിനായി ചേർത്തലയിൽ ഒരു സ്പെഷ്യൽ ഓഫീസും ഉണ്ട്. അനധികൃത ഖനനവും നീക്കവും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി കോഴിക്കോട് ആസ്ഥാനമായി ഒരു ഉത്തരമേഖലാ കേരളാ മിനറൽ സ്ക്വാഡും തിരുവനന്തപുരം ആസ്ഥാനമായി ഒരു ദക്ഷിണമേഖലാ കേരളാ മിനറൽ സ്ക്വാഡും നിലവിലുണ്ട്. ഇതു കൂടാതെ 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നിശ്ചിത തുകയ്ക്ക് ക്വാറിയിംഗ് |

പെർമിറ്റ് നൽകുന്നതിലേയ്ക്ക് ജില്ലാ കളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർ, തഹസീൽദാർ, മുൻസിപ്പൽ സെക്രട്ടറി, പഞ്ചായത്ത് സെക്രട്ടറി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ, അനധികൃത ഖനനവും നീക്കവും സംബന്ധിച്ച നിയമനടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർ, പോലീസ് വകുപ്പിലെ സബ് ഇൻസ്പെക്ടർ മുതൽ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥരേയും അധികാരപ്പെടുത്തിയിട്ടുണ്ട്.

(ഇ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഇ) ഉണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനെ അഴിമതി മുക്തമാക്കാൻ മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ആസ്ഥാന കാര്യാലയത്തിലെ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടുകയും അഴിമതി മുക്തമായി പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലാ ഉദ്യോഗസ്ഥർ നൽകുന്ന ലൈസൻസുകൾ, പെർമിറ്റുകൾ എന്നിവ നിയമാനുസരണമാണോ എന്നത് ഉറപ്പു വരുത്തുന്നതിനും പരിശോധിക്കുന്നതിലേയ്ക്കുമായി ആസ്ഥാന-കാര്യാലയത്തിലെ രണ്ട് ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംഘങ്ങൾ രൂപീകരിക്കുവാൻ തീരുമാനമായിട്ടുണ്ട്. കൂടാതെ വകുപ്പിൽ വിജിലൻസ് ആഫീസറേയും ടി ആഫീസറുടെ നേതൃത്വത്തിൽ ഒരു വിജിലൻസ് സെല്ലും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.226 | 01-07-2009 ൽ മറുപടിയ്ക്ക് |
|---|---|

## ക്ഷയരോഗാശുപത്രികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്:<br>ശ്രീമതി കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീ. എം.ജെ.ജേക്കബ് :<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ക്ഷയരോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ ക്ഷയരോഗ നിയന്ത്രണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എൻ.റ്റി.സി.പി. (പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി)നടപ്പാക്കി വരുന്നു. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ടി.ബി.സെൽ ആണ് ആർ.എൻ.റ്റി.സി.പി. സംസ്ഥാനത്ത് ഏകീകരിച്ച് നടപ്പാക്കുന്നത്. 14 ജില്ലകളിലും ടി.ബി.സെൻററുകളും അവയ്ക്ക് കീഴിലായി 62 ടി.ബി. യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ആർ.എൻ.റ്റി.സി.പി.യുടെ മാർഗ്ഗരേഖ അനുസരിച്ച് ക്ഷയരോഗികൾക്ക് ഡോട്ട്സ് ചികിത്സയാണ് നടത്തിവരുന്നത്.<br><br>പുലയനാർകോട്ട നെഞ്ചുരോഗാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ട്, എൻ.ആർ.എച്ച്.എം.ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി |

| | | | |
|---|---|---|---|
| | | | നവീകരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എൻ.ആർ.എച്ച്.എം.ഫണ്ടിൽ നിന്നും 57,37,000/- രൂപ ചെലവാക്കി വാർഡുകൾ കെ.എച്ച്.ആർ.ഡബ്ല്യു. മുഖേന പുതുക്കി പണിതിട്ടുണ്ട്.<br><br>കൊല്ലത്ത് പുതിയകാവ് നെഞ്ചുരോഗാശുപത്രിക്കായി എം.എൽ.എ ഫണ്ടിൽനിന്നും ലഭിച്ച 3 ലക്ഷം രൂപ ഉപയോഗിച്ച് ആശുപത്രി സാമഗ്രികൾ വാങ്ങിയിട്ടുണ്ട്.<br>ആലപ്പുഴ കരുവാറ്റ ടി.ബി ക്ലിനിക്കിനു വേണ്ടി സർക്കാരിൽനിന്നും അനുവദിച്ച 6,60,000/- രൂപ മുടക്കി പുനരുദ്ധാരണ പ്രവർത്തനങ്ങളും എൻ.ആർ.എച്ച്.എം. വഴി നൽകിയ 50,000/- രൂപ ഉപയോഗിച്ച് ആശുപത്രി സാമഗ്രികൾ വാങ്ങി ഈ ആശുപത്രി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്<br><br>കോഴിക്കോട് ഡോട്ട്സ് പ്ലസ് സൈറ്റ് സ്ഥാപിക്കുന്നതിനായി 15 ലക്ഷം രൂപ എൻ.ആർ.എച്ച്.എം. ൽ നിന്ന് നൽകിയിട്ടുണ്ട്. അതുപോലെ 3,40,000/- രൂപ സാധന സാമഗ്രികൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽനിന്ന് (2009-2010) നീക്കിവെച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്രപേർ ക്ഷയരോഗബാധിതരാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ ; | (ബി) | സംസ്ഥാനത്ത് 38,000/- ത്തോളം ക്ഷയരോഗികൾ പ്രതിവർഷം ഉണ്ടാകാമെന്ന് കണക്കാക്കപ്പെടുന്നു. 24,935 പേർക്ക് 2008 ൽ ക്ഷയരോഗമുള്ളതായി സ്ഥിരീകരിക്കുകയും ചികിത്സ നൽകി വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | ക്ഷയരോഗം തുടക്കത്തിലേ കണ്ടെത്തി ചികിത്സിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ; | (സി) | ക്ഷയരോഗം തുടക്കത്തിൽതന്നെ കണ്ടെത്തുന്നതിനും സൗജന്യചികിത്സ നൽകുന്നതിനും ആവശ്യമായ വിപുലമായ പദ്ധതികൾ ആർ.എൻ.റ്റി.സി.പി. മുഖേന സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. "രണ്ടാഴ്ചയിൽ കൂടുതൽ നീണ്ടു നിൽക്കുന്ന ചുമ ക്ഷയരോഗ ലക്ഷണമായേക്കാം". അതിനാൽ എല്ലാ സർക്കാർ ആശുപത്രികളിലും തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യാശു പത്രികളിലും സൗജന്യ രോഗ നിർണ്ണയവും ചികിത്സയും ലഭ്യമാണ്. സംസ്ഥാനത്തെ ഭൂരിഭാഗം ടി.ബി. യൂണിറ്റുകളിലും സൗജന്യ എക്സ്റേ പരിശോധനയ്ക്കുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | മൾട്ടി ഡ്രഗ് റസിസ്റ്റൻറ് ട്യൂബർകുലോസിസ് എന്ന മാരക ക്ഷയരോഗം നിർണ്ണയിക്കുന്നതിന് തിരുവനന്തപുരത്ത് ടി.ബി. സെൻററിൽ ആരംഭിച്ച റഫറൻസ് ലബോറട്ടറിക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) | ഈ ലാബിൽ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; | (ഇ) | ഈ ലാബിൽ ഇൻറർമീഡിയറ്റ് റഫറൻസ് ലാബ് (ഐ.ആർ.എൽ) എന്ന ഈ ലാബിൽ എം. ഡി ആർ- ടി.ബി. രോഗികളെ നിർണ്ണയിക്കുന്നതിനുവേണ്ടിയുള്ള നൂതനമായ ടെസ്റ്റ് ആണ് നടത്തി വരുന്നത്. ഇത്തരത്തിൽ കണ്ടുപിടിക്കപ്പെടുന്ന എം.ഡി. ആർ- റ്റി.ബി. രോഗികളെ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള ഡോട്ട്സ് പ്ലസ് സൈറ്റ്ലേക്ക് റഫർ ചെയ്യുകയും ചികിത്സാ കാലയളവിൽ തുടർ അവലോകനം നടത്തുകയും ചെയ്യുന്നു. ഈ ലാബിൻെറ അംഗീകാരത്തിനുശേഷം |

| | | | |
|---|---|---|---|
| | | | 406 ടെസ്റ്റുകൾ നടത്തുകയും 31 പേർക്ക് എം.ഡി. ആർ-റ്റി.ബി ആണെന്ന് സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | സംസ്ഥാനത്തെ മുഴുവൻ ജില്ലകളിൽനിന്നുമുള്ള രോഗികൾക്ക് ഡോട്ട് പ്ലസ് ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ എം ഡി ആർ റ്റി ബി രോഗികൾക്ക് തിരുവനന്തപുരത്ത് പുലയനാർകോട്ടയിലെ നെഞ്ചുരോഗാശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള ഡോട്ട്സ് പ്ലസ് സൈറ്റിലും തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ എം. ഡി ആർ-റ്റി ബി രോഗികളെ ചികിത്സിക്കുന്നതിനായി കോഴിക്കോട് ബീച്ച് ഹോസ്പിറ്റലിലുള്ള താൽക്കാലിക ഡോട്ട്സ് പ്ലസ് സൈറ്റിലും തുടക്കത്തിലുള്ള കിടത്തി ചികിത്സ നൽകിവരുന്നു. (കോഴിക്കോട് മെഡിക്കൽകോളേജിനോട് ചേർന്നുള്ള നെഞ്ചുരോഗ വിഭാഗത്തിൽ സ്ഥായിയായ ഡോട്ട്സ് പ്ലസ് സൈറ്റ് നിർമ്മിക്കാനായി പി. ഡബ്ല്യു.ഡിയെ ചുമതലപ്പെടുത്തുകയും അതിനുള്ള ഫണ്ട് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 227 — 01-07-2009-ൽ മറുപടിയ്ക്ക്

രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ:<br>ശ്രീമതി.ജെ.അരുന്ധതി:<br>ശ്രീ.വി.ജെ.തങ്കപ്പൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയുടെ പ്രവർത്തനം വിശദമാക്കുമോ; | (എ)<br>കേരള സർക്കാർ ഉടമസ്ഥതയിലുള്ള രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരമുള്ള വിമാനം പറപ്പിക്കൽ പരിശീലന കേന്ദ്രമാണ്. 2008 നവംബർ മാസത്തിലാണ് അക്കാദമിയിൽ പറക്കൽ പരിശീലനം പുനരാരംഭിച്ചത്.<br>അക്കാദമിയ്ക്ക് ഇപ്പോൾ 3 സിംഗിൾ എഞ്ചിൻ സെസ്ന 172 ആർ പരിശീലന വിമാനങ്ങളാണ് സ്വന്തമായുള്ളത്. ആദ്യ ബാച്ചിൽ 27 പേർക്കാണ് പരിശീലനം നൽകി വരുന്നത്. കൂടുതൽ ബാച്ചുകൾ തുടങ്ങുകയും, പരിശീലനം രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കുകയും ചെയ്യണമെങ്കിൽ കൂടുതൽ പരിശീലന വിമാനങ്ങൾ ആവശ്യമാണ്.<br>പൈലറ്റ് പരിശീലനം കൂടാതെ സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരമുള്ള എയർക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ആറു മാസത്തെ പ്രായോഗിക പരിശീലനവും അക്കാദമിയിൽ നൽകി വരുന്നുണ്ട്. കൂടാതെ എയ്റോനോട്ടിക്കൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് എയർക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയേഴ്സ് ലൈസൻസ് പരീക്ഷ എഴുതുവാൻ ആവശ്യമായ 18 മാസത്തെ പ്രായോഗിക പരിശീലനവും നൽകി വരുന്നുണ്ട്. പൈലറ്റ് പരിശീലനത്തിനു പുറമെ മറ്റ് കോഴ്സുകളായ |

| | |
|---|---|
| | എയ്റോനോട്ടിക്കൽ മെയിന്റനൻസ് എഞ്ചിനീയറിംഗ്, ഏവിയേഷൻ അനുബന്ധ കോഴ്സുകളായ ഫ്ലൈറ്റ് , ഡെസ്പാച്ചേഴ്സ് പരിശീലനം, ക്യാബിൻ ക്രൂ ട്രെയിനിംഗ് എന്നിവ ആരംഭിക്കുവാനും അക്കാഡമിയ്ക്ക് ഉദ്ദേശമുണ്ട്.<br>ഇവ കൂടാതെ ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അക്കാഡമിയ്ക്ക് സ്വന്തമായി കെട്ടിടവും, ഹാംഗറും നിർമ്മിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. |
| (ബി)<br>എത്ര പേർക്കാണ് ഇപ്പോൾ പരിശീലനം നൽകുന്നത്; അതിൽ എത്ര പേർ ഒറ്റയ്ക്ക് പറക്കാൻ പ്രാപ്തരായി; | (ബി)<br>ആദ്യ ബാച്ചിൽ 27 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. അതിൽ 19 പേർ ഒറ്റയ്ക്ക് പറക്കാൻ പ്രാപ്തരായിട്ടുണ്ട്. |
| (സി)<br>തിരുവനന്തപുരം വിമാനത്താവളത്തിലെ എയർ ട്രാഫിക് മൂലം കുട്ടികൾക്ക് പരിശീലന പറക്കലിന് കിട്ടുന്ന സമയം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി)<br>ഉണ്ട്. |
| (ഡി)<br>എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (ഡി)<br>അക്കാഡമിയ്ക്ക് സ്വന്തമായി ഒരു എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കുന്നതിലേക്കായി 13 പേർ അടങ്ങുന്ന ഒരു കമ്മിറ്റിയെ 19-11-2008-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി)5122/08/പൊ.വി. പ്രകാരം നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.228 — 1.7.2009ൽ മറുപടിയ്ക്ക്.

## മാതാപിതാക്കന്മാരുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണ നിയമം

ചോദ്യം

ശ്രീ.വർക്കല കഹാർ:

ശ്രീ.എം.എ.വാഹീദ്:

ശ്രീ.വി.ഡി.സതീശൻ:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതിടീച്ചർ

(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാതാപിതാക്കന്മാരുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണ നിയമപ്രകാരം അവശ്യം വേണ്ടി വരുന്ന ഭേദഗതികൾ സംസ്ഥാനങ്ങൾ രണ്ടു വർഷത്തിനുള്ളിൽ വരുത്തേണ്ടതുണ്ടോ; | (എ) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ആക്ട് 2007 കേന്ദ്രനിയമമാണ്. ഇതിൽ ഭേദഗതികൾ വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. എന്നാൽ ആക്ടിന്റെ വകുപ്പ് 29 പ്രകാരം ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങൾ നേരിടുകയാണെങ്കിൽ, നിലവിലുള്ള ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത തരത്തിൽ, ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ആവശ്യമുള്ള വ്യവസ്ഥകൾ സംസ്ഥാന സർക്കാരിന് ഗസറ്റിൽ ഉത്തരവ് മുഖേന പ്രസിദ്ധപ്പെടുത്താവുന്നതാണ്. ഇപ്രകാരമുള്ള ഉത്തരവുകൾ ആക്ട് നിലവിൽ വന്ന് രണ്ട് വർഷത്തിനുള്ളിൽ നടത്താവുന്നതാണ്. |
| (ബി) | സംസ്ഥാനത്തിന്റെ സാഹചര്യങ്ങളിൽ പ്രസ്തുത നിയമത്തിന് എന്തെല്ലാം ഭേദഗതികളാണ് വേണ്ടി വരുന്നത്; | (ബി) | ഭേദഗതികൾ സംബന്ധിച്ച് നിലവിൽ നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ഈ ഭേദഗതികൾ എന്നത്തേക്ക് വരുത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

R. Vijayan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 229 | | 01.07.2009 -ൽ മറുപടിയ്ക്ക് |
|---|---|---|
| **അങ്കണവാടികളുടെ പ്രവർത്തനം** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീ.എം.ജെ. ജേക്കബ്<br>ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ. എം.കെ. പുരുഷോത്തമൻ** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി)** |
| (എ) | അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഉള്ള ഹോണറേറിയത്തിൽ കേന്ദ്ര സർക്കാർ വരുത്തിയ യഥാക്രമം 500/- , 250/- രൂപയുടെ വർദ്ധനവ് സംസ്ഥാന സർക്കാർ അനുവദിച്ച് നൽകി.<br>2. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിലും മറ്റും ഏർപ്പെടുന്നതിലേയ്ക്കായി നൽകി വന്നിരുന്ന അധിക വേതനത്തിൽ വർക്കർമാർക്ക് 50/- രൂപയുടെയും ഹെൽപ്പർമാർക്ക് 25/- രൂപയുടെയും വർദ്ധനവ് ഏർപ്പെടുത്തി.<br>3. പച്ചക്കറി, വിറക് എന്നിവയ്ക്ക് നൽകിയിരുന്ന തുക ഗുണഭോക്താവ് ഒന്നിന് 20 പൈസയിൽ നിന്നും 50 പൈസയായി വർദ്ധിപ്പിച്ചു. ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഗുണഭോക്താവ് ഒന്നിന് 50 പൈസയായി നിശ്ചയിച്ചു.<br>4. താല്ക്കാലികമായി 15.12.2006 വരെ 6 മാസമോ അതിലധികമോ ജോലി ചെയ്തിട്ടുള്ളവരെ സ്ഥിരപ്പെടുത്തി.<br>5. 10 വർഷത്തെ സ്ഥിരസേവനമുള്ള എസ്.എസ്.എൽ.സി. പാസ്സായവരും 55 വയസ്സ് തികയാത്തവരുമായ ഹെൽപ്പർമാരെ 25% വർക്കർ തസ്തികയിലേക്ക് കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകി. |

| | | |
|---|---|---|
| | | 6. എസ്.എസ്.എൽ.സി. പാസ്സാകാത്തവരും 10 വർഷത്തെ സ്ഥിരം സർവ്വീസും 55 വയസ്സും തികയാത്തവരുമായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ളവരെയും എസ്.എസ്. എൽ.സി. പാസ്സായവരില്ലാത്ത പക്ഷം വർക്കർമാരായി നിയമിക്കുന്നതിനുള്ള അനുമതി നൽകി.<br>7. അംഗൻവാടി ഹെൽപ്പർമാർക്ക് അവാർഡ് പദ്ധതി ഏർപ്പെടുത്തി. ഒരാൾക്ക് 3000/- രൂപ വീതം 37 പേർക്ക് അവാർഡ് നൽകി. കൂടാതെ ഓരോ ജില്ലയിലും മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന സൂപ്പർവൈസർമാർക്കും അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.<br>8. അംഗൻവാടി കേന്ദ്രങ്ങൾക്കുള്ള വാടക കേന്ദ്ര സർക്കാർ 1.02.2007 മുതൽ വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപ്രദേശങ്ങളിൽ 200/- രൂപയായും നഗര പ്രദേശങ്ങളിൽ 750/- രൂപയായും വർദ്ധിപ്പിച്ചു.<br>9. വാടകയിനത്തിൽ കൂടുതലായി വേണ്ടി വരുന്ന തുക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിക്കുവാൻ അനുമതി നല്കി.<br>10. അംഗൻവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കുവാൻ അനുവദിച്ചു.<br>11. സുനാമി ബാധിത പ്രദേശങ്ങളിലെ 313 അംഗൻവാടി കെട്ടിടങ്ങൾ പണിയുന്നതിനും ടി അംഗൻവാടികൾക്ക് അധിക സൗകര്യം ഏർപ്പെടുത്തുന്നതിനും വേണ്ടി 12.49 കോടി രൂപ അനുവദിച്ചു. |

| | | |
|---|---|---|
| | | 12. അംഗൻവാടികളിലെ പാഠ്യ പദ്ധതി പരിഷ്കരിച്ച് പ്രീ സ്കൂൾ കരിക്കുലം ഏർപ്പെടുത്തി.<br>13. അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും സെലക്ഷൻ കമ്മിറ്റി ബ്ലോക്കടിസ്ഥാനത്തിൽ രൂപീകരിച്ചു.<br>14. സർക്കാർ സ്കൂളുകളിൽ അംഗൻവാടികൾ മാറ്റി പ്രവർത്തിപ്പിക്കാൻ അനുവദിച്ചു.<br>15. ടേക്ക് ഹോം റേഷൻ സ്ട്രാറ്റജിയുടെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഫുഡ് സപ്ലിമെന്റിന്റെ വില 35/- രൂപയിൽ നിന്നും 40/- രൂപയായി വർദ്ധിപ്പിക്കുകയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് പ്രത്യേകമായി നൽകുകയും ചെയ്തു. |
| (ബി) | അങ്കണവാടികളിലെ പ്രീ-പ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമവും ഗുണനിലവാരമുള്ളതുമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) ഉണ്ട്.<br>1. പ്രീ പ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമവും ഗുണനിലവാരം ഉള്ളതുമാക്കുന്നതിന് മഴവില്ല് എന്ന പേരിൽ പുതിയ പാഠ്യപദ്ധതിക്ക് രൂപം നൽകി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ മുഴുവൻ അംഗൻവാടി വർക്കർമാർക്കും ഘട്ടം ഘട്ടമായി പരിശീലനം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>2. പ്രീ പ്രൈമറി വിദ്യാഭ്യാസം സുഗമമാക്കുന്നതിന് എല്ലാ അംഗൻവാടികളിലും പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വാങ്ങി നല്കി വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം വരെ ഒരു അംഗൻവാടിക്ക് 500 രൂപ എന്നത് നടപ്പ് സാമ്പത്തിക വർഷം മുതൽ 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | സി) അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. അംഗൻവാടികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് അംഗൻവാടികളിൽ പാത്രങ്ങളും ഫർണിച്ചറുകളും വാങ്ങി നല്കിയിട്ടുണ്ട്.<br>2. സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ട്, സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാം, എം.ജി.പി. എന്നീ പദ്ധതികൾ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ റിസോഴ്സ് സെന്ററായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 464 അംഗൻവാടികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകി അംഗൻവാടി കേന്ദ്രങ്ങളുടെ പദവി ഉയർത്തുകയുണ്ടായി. കൂടാതെ ടോയ്ലറ്റ് സൗകര്യം ലഭ്യമല്ലാത്ത അംഗൻവാടികളിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>3. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനം എന്ന നിലയിൽ അംഗൻവാടി കേന്ദ്രങ്ങൾക്ക് ഭൗതിക സാഹചര്യം ഒരുക്കി നൽകേണ്ടത് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (ഡി) | അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ; | ഡി) അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിട നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ ഫണ്ട് വിനിയോഗിച്ച് 1198 അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള ഒരു പദ്ധതി 2004-05 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള അംഗൻവാടി കെട്ടിട നിർമ്മാണത്തിന് 3 ലക്ഷം രൂപയാണ് നിർമ്മാണ ചെലവ്. ഇതിൽ 75% തുക അതായത് 2,25,000/- രൂപ സംസ്ഥാന സർക്കാരും ശേഷിക്കുന്ന 75,000/- രൂപ ബന്ധപ്പെട്ട പഞ്ചായത്തുമാണ് വഹിക്കുന്നത്. ഇതിനു പുറമേ സ്ഥലം ലഭ്യമായിട്ടുള്ള അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരമാവധി 3,50,000/- രൂപ വരെ അനുവദിക്കാറുണ്ട്. ഇതു കൂടാതെ എം.ജി.പി. പദ്ധതിയിൻ പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വരെ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിരുന്നു. ടി പദ്ധതി നിർത്തലാക്കിയതു മൂലം നിർമ്മാണം തുടർന്ന് നടത്തുന്നതിനും കുടിശ്ശിക നൽകുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയും അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനത്തിന് കൈമാറിയ സാഹചര്യത്തിൽ അംഗൻവാടി കെട്ടിടങ്ങളുടെ പണി അവയുടെ അറ്റകുറ്റപ്പണികൾ എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന ചെയ്തു വരുന്നു. എങ്കിലും 40% അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല. ഇത് ഭൂരിപക്ഷവും നഗര പ്രദേശങ്ങളിലാണ്. |

| | | |
|---|---|---|
| ഇ) | അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ഇ) അംഗൻവാടി ജീവനക്കാരുടെ ക്ഷേമത്തിന് ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു;<br>അംഗൻവാടി ജീവനക്കാരുടെ ക്ഷേമത്തിനായി അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് എന്ന പേരിൽ ക്ഷേമ നിധി രൂപീകരിച്ച് 1993 മുതൽ പ്രവർത്തിച്ചു വരുന്നു. 4/2003 മുതൽ ക്ഷേമനിധിയിലേയ്ക്ക് വർക്കറുടെ വിഹിതം 30 രൂപയായും ഹെൽപ്പറുടെ വിഹിതം 15 രൂപയുമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ വിഹിതം ജീവനക്കാരുടെ വിഹിതത്തിന് തുല്യമായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>ക്ഷേമ നിധിയിൽ നിന്നും വൈദ്യസഹായമായി 5000/-രൂപ വരെയും മരണാനുകൂല്യമായി 10,000/- രൂപ വരെയും പിരിഞ്ഞു പോകുന്നവർക്ക് അടച്ച തുക പലിശയും ചേർത്ത് നൽകുന്നു. മക്കളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനമായി 500/-, 300/-, 200/- രൂപ ക്രമത്തിൽ നൽകുന്നു. ഇതിന് പുറമേ ഭവന നിർമ്മാണ വായ്പ, വിവാഹ വായ്പ, വിദ്യാഭ്യാസ വായ്പ എന്നിവയും നൽകുന്നു.<br>കേന്ദ്ര സർക്കാരും എൽ.ഐ.സിയും ചേർന്ന് അംഗൻവാടി പ്രവർത്തകർക്കായി അംഗൻവാടി കാര്യകർത്രിബീമാ യോജന എന്ന പദ്ധതി 01.04.2004 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ജീവനക്കാരുടെ വിഹിതമായി 01.04.2007 മുതൽ 2 വർഷത്തേയ്ക്ക് ടി തുക എൽ.ഐ.സി. അടയ്ക്കുന്നതാണ്. 18 നും 59നും ഇടയിലുള്ളവരാണ് ഇതിലെ അംഗങ്ങൾ. സ്വാഭാവിക മരണം നേരിടുന്ന അംഗത്തിന് 30,000/- രൂപയും അപകടം മൂലമുള്ള മരണമോ സ്ഥിരവും |

| | | |
|---|---|---|
| | | പൂർണ്ണവുമായ അംഗവൈകല്യം നേരിടുകയോ ചെയ്താൽ 75,000/- രൂപയും സ്ഥിരവും ഭാഗികവുമായ അംഗവൈകല്യത്തിന് 37,500/- രൂപയും സ്ത്രീകളിലെ വിവിധയിനം ക്യാൻസർ ചികിത്സയ്ക്കായി 20,000/- രൂപയും നല്കുന്നു. ഇതിന് പുറമേ 2 കുട്ടികൾക്ക് 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ പഠനത്തിന് ഒരു വർഷം 1200/- രൂപ വീതം സ്കോളർഷിപ്പായും നൽകി വരുന്നു.<br>ക്ഷേമനിധിയുടെ ഭാഗമായി അംഗൻവാടി ജീവനക്കാർക്ക് പെൻഷന് സമാനമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്ന മിട്ട ചോദ്യം നം. 230 | 01.07.2009 -ൽ മറുപടിയ്ക്ക് |
|---|---|

### വികലാംഗർക്ക് തൊഴിലധിഷ്ഠിത പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജയരാജൻ:<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ. എ.എം. യൂസഫ്:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ.വി ശശികുമാർ: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി | |
| (എ) | വികലാംഗർക്ക് തൊഴില ധിഷ്ഠിത പരിശീലനം നൽകുന്ന തിന് നിലവിലുള്ള സംവിധാന മെന്താണ് ; | (എ) | വികലാംഗർക്ക് തൊഴിലധിഷ്ഠിത പരിശീല നം നൽകുന്നതിനായി സാമൂഹ്യക്ഷേമ വകു പ്പിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴി ക്കോടുമായി രണ്ട് വൊക്കേഷണൽ ട്രെയി നിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. രണ്ട് വർഷം വീതം ദൈർഘ്യമുള്ള ജനറൽ കോഴ്സുകളും 6 മാസം വീതം ദൈർഘ്യമുള്ള ഷോർട്ട് ടേം കോഴ്സുകളുമാണ് ഇപ്പോൾ ഇവിടെ നടത്തി വരുന്നത്. തിരുവനന്തപുരം വി.റ്റി.സി.യിൽ ജനറൽ കോഴ്സിൽ ടെയിലറിംഗ് & എംബ്രോയിഡറി, ബുക്ക് ബൈന്റിംഗ് ട്രേഡുകളിലാണ് പ്രവേശനം നൽകുന്നത്. കൂടാതെ ഷോർട്ട് ടേം കോഴ്സുകളിൽ 6 മാസം ദൈർഘ്യമുള്ള ഡി.റ്റി.പിയും പേപ്പർ ക്യാരി ബാഗ് കോഴ്സും നടത്തിവരുന്നു. കോഴിക്കോട് വി.റ്റിസിയിൽ ഇപ്പോൾ ജനറൽ കോഴ്സിൽ ലെതർ വർക്ക്സും ബുക്ക് ബൈൻറിംഗ് ട്രേഡുകൾ നടത്തി വരുന്നുണ്ട്. ഷോർട്ട് ടേം കോഴ്സിൽ ഡി.റ്റി.പിയും നടത്തി വരുന്നുണ്ട്. ജനറൽ കോഴ്സിൽ 14 നും 30നും ഇടയിൽ പ്രായമുള്ള വികലാംഗരായ കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. ജനറൽ കോഴ്സിന് തിരുവനന്തപുരം വി.റ്റിസിയിൽ ടെയിലറിം ഗിനും Embroidery യിലും Book binding ലും കോഴിക്കോട് വി.റ്റിസിയിൽ Leather works നും , Book binding നും 15 സീറ്റുകൾ വീതം അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം തൊഴിലുകളിലാണ് പരിശീലനം നൽകുന്നത്; | (ബി) | തിരുവനന്തപുരം വി.റ്റിസിയിൽ ജനറൽ കോഴ്സിൽ (1) Tailoring & Embroidery (2) Book binding trade കളിലും short term course - ൽ DTP, (2) Paper Carry bag എന്നീ ട്രേഡുകളിലും കോഴിക്കോട് വി.റ്റിസി യിൽ General Course - ൽ (1) Book binding, (2) Leather works trade - കളിലും Short term course - ൽ DTP trade - ലും പരിശീലനം നൽകി വരുന്നുണ്ട്. |
| (സി) | വികലാംഗർക്കായി എല്ലാ ജില്ലകളിലും തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ: | (സി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | തൊഴിൽ സാധ്യത കൂടിയ മേഖലകളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | "തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ തുക നീക്കി വച്ചിട്ടുണ്ട്. കാലഘട്ടത്തിന് അനുസൃതമായ പുതിയ കോഴ്സുകൾ നടത്തിവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം തിരുവനന്തപുരം വി.റ്റി.സിയിൽ 6 മാസം ദൈർഘ്യമുള്ള DTP, DCHNM (Diploma in Computer Hardware and Network Maintenance) 1 വർഷം ദൈർഘ്യമുള്ള ഡി.സി.എ. കോഴ്സുകളും, കോഴിക്കോട് വി.റ്റി.സിയിൽ DTP, DCHNM Course കളും നടത്താൻ അനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | പരിശീലനം നേടിയവർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | പരിശീലനം ലഭിച്ച വികലാംഗർക്ക് വികലാംഗ ക്ഷേമ കോർപ്പറേഷൻ ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുകയും അപേക്ഷയുടെ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കുകയും ചെയ്യുന്നു. വികലാംഗ ക്ഷേമ കോർപ്പറേഷൻ വികലാംഗർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് കേരളത്തിലെ വിവിധ വാണിജ്യ ബാങ്കുകൾ വഴി സബ്സിഡിയോടുകൂടി സാമ്പത്തിക സഹായം നൽകുന്നു 2009-10 സാമ്പത്തിക വർഷം 5,000/- രൂപയിൽ കവിയാതെ ലോണിന്റെ 50% നിജപ്പെടുത്തി സബ്സിഡി നൽകുന്നു. ബാങ്കുകളുടെ നിബന്ധനകൾക്ക് വിധേയമായാണ് ലോൺ നൽകുന്നത്. നാഷണൽ ഹാന്റിക്യാപ്പ്ഡ് |

| | | | |
|---|---|---|---|
| | | | ഫിനാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസിയാണ് വികലാംഗ ക്ഷേമ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി എന്ന നിലയിൽ 2000 മുതൽ നാഷണൽ ഹാന്റി ക്യാപ്പ്ഡ് ഫിനാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ പദ്ധതി പ്രകാരമുള്ള വായ്പകൾ ചെറിയ ജാമ്യ വ്യവസ്ഥയിൽ 50,000/- രൂപ വരെ 5% പലിശയും അതിനു മുകളിൽ 6% പലിശയും വിതരണം ചെയ്യുന്നു. വനിതകൾക്ക് 1% പലിശയിളവ് നൽകുന്നുണ്ട്. തിരിച്ചടവിനുള്ള കാലാവധി 7 വർഷമാണ്. 2008-09 സാമ്പത്തിക വർഷത്തിൽ ജെൻഡർ അവയർനെസ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ നിന്നും തൊഴിൽ പരിശീലനം പൂർത്തിയാക്കിയ വികലാംഗരായ കുട്ടികൾക്ക് പുനരധിവാസത്തിന്റെ ഭാഗമായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 10,000/ രൂപ വീതം ധനസഹായം സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നൽകുകയുണ്ടായി. 56 പേർക്ക് ഇപ്രകാരം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് |

Mary Melanie Nellan

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 231

01.07.2009-ൽ മറുപടിക്ക്.

## വ്യവസായ സംരംഭകരെയും നിക്ഷേപകരെയും ആകർഷിക്കാൻ സ്വീകരിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം.തോമസ് :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. മുരളി പെരുനെല്ലി : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വ്യവസായ സംരംഭകരെയും നിക്ഷേപകരെയും ആകർഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാർ സംസ്ഥാനത്തിനകത്തും പുറത്തും സംഘടിപ്പിച്ചിട്ടുള്ളത് ; | (എ) വ്യവസായ സംരംഭകരേയും നിക്ഷേപകരേയും ആകർഷിക്കുവാൻ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിൽ നിക്ഷേപക സംഗമം, സംരംഭകത്വ വികസന പരിപാടികൾ, വ്യവസായ മേളകൾ തുടങ്ങിയവ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ കെ-ബിപ്പ്, കിൻഫ്ര, കെ.എസ്.ഐ.ഡി.സി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവയുടെ ആഭിമുഖ്യത്തിലും സംസ്ഥാനത്തിനകത്തും പുറത്തും വ്യവസായ സംഗമങ്ങളും നിക്ഷേപക സംഗമങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്ത് നിക്ഷേപ സൗഹൃദാന്തരീക്ഷം വളർന്നുവന്നിട്ടുള്ള വിവരം നിക്ഷേപകരെ ബോദ്ധ്യപ്പെടുത്തുന്നതിനായി ഒരു Massive Investment Promotion Campaign നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി മുംബൈ, ഡൽഹി, ചെന്നൈ എന്നിവിടങ്ങളിൽ മീറ്റിംഗുകൾ സംഘടിപ്പിക്കുവാനും മറ്റു രാജ്യങ്ങളിലെ അംബാസിഡർമാർ, കോൺസുൽ ജനറൽമാർ എന്നിവരുമായി കൂടിക്കാഴ്ച നടത്തുവാനും ഉദ്ദേശിക്കുന്നു. കൂടാതെ വ്യാവസായിക പുരോഗതി നേടിയിട്ടുള്ള രാജ്യങ്ങളിലേക്ക് ഇൻഡസ്ട്രിയൽ ഡെലിഗേറ്റ്സിനെ അയക്കുവാനും പരിപാടിയുണ്ട്. |
| (ബി) ഇതിന്റെ ഫലമായി കൈവരിക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ ; | (ബി) ഉത്തരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (സി) വ്യവസായമേഖലയിൽ പുതുതായി ഏതൊക്കെ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട് ; | (സി) വ്യവസായ മേഖലയിൽ പുതുതായി ഫുഡ് പ്രോസസ്സിംങ്ങ്, റബ്ബർ അധിഷ്ഠിത വ്യവസായം, ലൈറ്റ് എഞ്ചിനീയറിംഗ് ഗാർമെന്റ്സ്, പ്ലാസ്റ്റിക് തുടങ്ങിയ മേഖലകളിൽ 17140 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് തുടക്കം കുറിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ-ബിപ്പിന്റെ ആഭിമുഖ്യത്തിൻ കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ, ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ കീഴിലുള്ള MSE-CDP പദ്ധതി പ്രകാരം സംസ്ഥാനത്തെ ക്ലസ്റ്റർ വികസനത്തിനായി 8 പദ്ധതികൾക്ക് കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചു.<br><br>K-BIP-ന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച പദ്ധതികൾ :<br>(1) പ്ലാസ്റ്റിക് ക്ലസ്റ്റർ, ആലുവ. (2) റൈസ് മില്ലേഴ്സ് ക്ലസ്റ്റർ, കാലടി. (3) പ്ലൈവുഡ് ക്ലസ്റ്റർ, പെരുമ്പാവൂർ. (4) ടെറാ ടൈൽ ക്ലസ്റ്റർ, തൃശ്ശൂർ. (5) ഓഫ്സെറ്റ് പ്രിന്റേഴ്സ് ക്ലസ്റ്റർ, കോഴിക്കോട്. (6) ഫർണിച്ചർ ക്ലസ്റ്റർ, എറണാകുളം. (7) വുഡ് ക്ലസ്റ്റർ, മലപ്പുറം. (8) തഴ ക്ലസ്റ്റർ, വൈക്കം.<br><br>കിൻഫ്ര പൊതുമേഖലയിൽ - ഹിന്ദുസ്ഥാൻ എയ്റോനോട്ടിക് ലിമിറ്റഡ് (HAL)- കിൻഫ്ര വ്യവസായ പാർക്ക്, കാസർഗോഡ്, ഭാരത് ഇലക്ട്രോണിക് ലിമിറ്റഡ് (BEL)-കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (BEML)-കിൻഫ്ര വ്യവസായ പാർക്ക്, പാലക്കാട് എന്നിവ ആരംഭിച്ചു.<br><br>കെ.എസ്.ഐ.ഡി.സി-യുടെ സാമ്പത്തിക സഹായത്തോടെ 35 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. |
| (ഡി) കേരളത്തിൽ ഉടനെ തുടങ്ങാൻ സാദ്ധ്യതയുള്ള വ്യവസായ സംരംഭങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ഡി) കേന്ദ്ര സർക്കാരിന്റെ ക്ലസ്റ്റർ ഡവലപ്മെന്റ് പ്രോഗ്രാം പ്രകാരം ടെറാ ടൈൽ ക്ലസ്റ്റർ, തൃശ്ശൂർ പ്ലൈ വുഡ് ക്ലസ്റ്റർ, കാലടി റൈസ് മില്ലേഴ്സ് ക്ലസ്റ്റർ എന്നീ 3 ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുവാൻ സാമ്പത്തിക സഹായം ലഭിക്കുകയുണ്ടായി. ഈ 3 കോമൺ ഫെസിലിറ്റി സെന്ററുകൾ ഈ വർഷം തന്നെ സജ്ജമാക്കാൻ കഴിയും. കൂടാതെ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ബയോടെക്നോളജി ഇൻഡസ്ട്രീ ഇൻക്യൂബേഷൻ, ഇലക്ട്രിക് വീൽ ചെയർ എന്നിവയും ഉടൻ തുടങ്ങാൻ സാദ്ധ്യതയുള്ള വ്യവസായ സംരംഭങ്ങളാണ്. കിൻഫ്ര യുടെ വിവിധ വ്യവസായ പാർക്കുകളിൽ |

സ്വകാര്യ സംരംഭകർക്ക് അലോട്ട് ചെയ്ത ഭൂമിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വകാര്യ മേഖലയിലുണ്ടായ നിക്ഷേപങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ?

(ഇ) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ 1599.28 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. കിൻഫ്ര, കെ.എസ്.ഐ.ഡി.സി എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 232** 01-07-2009-ൽ മറുപടിയ്ക്ക്

**ഫുട്ബോൾ വിഷൻ ഇൻഡ്യ പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എം.ആരിഫ്:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.ബി.ഡി.ദേവസ്സി:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ച വിഷൻ ഇൻഡ്യ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ)<br>വിഷൻ ഇന്ത്യാ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ബഹു:മുഖ്യമന്ത്രി രക്ഷാധികാരിയായി സംസ്ഥാനതല സമിതിയും ജില്ലകളുടെ ചുമതലയുള്ള മന്ത്രിയോ അല്ലെങ്കിൽ മേയറോ രക്ഷാധികാരി ആയുള്ള ജില്ലാതല കമ്മിറ്റികളും രൂപീകരിക്കുയുണ്ടായി. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നും പ്രാരംഭ ഘട്ടമായി (2008-2009) എട്ട് വീതം സ്കൂളുകളെ പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുകയും പരിശീലനം നൽകുകയുമുണ്ടായി. പിന്നീട് ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികളെ പങ്കെടുപ്പിച്ച് കൊണ്ട് 2009 മെയ് മാസത്തിൽ എറണാകുളത്ത് വച്ച് പദ്ധതിയുടെ ആദ്യ സംസ്ഥാന ലീഗ് നടത്തുകയുണ്ടായി. വിജയികളിൽ ഒന്നാം സ്ഥാനക്കാർക്ക് ഒരു ലക്ഷം രൂപ, രണ്ടാം സ്ഥാനക്കാർക്ക് അൻപതിനായിരം രൂപ, മൂന്നാം സ്ഥാനക്കാർക്ക് ഇരുപത്തയ്യായിരം രൂപയും ട്രോഫികളും നൽകി. |

| | |
|---|---|
| (ബി) | (ബി) |
| ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് എന്ന് അറിയിക്കുമോ; | ഏഷ്യൻ ഫുട്ബോൾ ഫെഡറേഷന്റെയും, കേരള ഫുട്ബോൾ അസോസിയേഷന്റെയും സഹകരണത്തോടു കൂടി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലാണ് പദ്ധതി നടപ്പാക്കുന്നത്. |
| (സി) | (സി) |
| ഇതിനകം എത്ര കുട്ടികൾക്ക് ശാസ്ത്രീയമായ ഫുട്ബോൾ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്ന് അറിയിക്കുമോ ; | 2300- ഓളം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) | (ഡി) |
| കേരളത്തിലെ എല്ലാ ജില്ലകളിലും പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | നടപ്പ് അദ്ധ്യയന വർഷം (2009-2010) കേരളത്തിലെ എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 233

01.07.2009 -ൽ മറുപടിക്ക്

ഹോമിയോപ്പതി പ്രാക്ടീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സി.ജോസഫ് :<br>ശ്രീ.സി.പി.മുഹമ്മദ് :<br>ശ്രീ.എ.പി.അനിൽകുമാർ : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) 1987 നവംബർ 2-ന് 21 വയസ്സ് തികഞ്ഞവർക്ക് ഹോമിയോപ്പതി പ്രാക്ടീസ് ചെയ്യുവാൻ 2008 ജൂൺ 4-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) 2.11.1987-ന് മലബാർ മേഖലയിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്നവരും ഈ തീയതിയിൽ 21 വയസ് പൂർത്തിയാക്കിയവരുമായ അംഗീകൃത വിദ്യാഭ്യാസ യോഗ്യതയില്ലാത്ത ഹോമിയോപ്പതി പ്രാക്ടീഷണർമാർക്ക് ഹോമിയോപ്പതിയിൽ മലബാർ മേഖലയിൽ പ്രാക്ടീസ് തുടരുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ കാരണമെന്താണ്; | (ബി) കേരള ഹൈക്കോടതി 997/86, 2845/86, 3060/86, 3344/86, 3815/86, 3981/86, 4000/86 പെറ്റീഷനുകളിൽ 2.11.1987-ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ മലബാർ മേഖലയിൽ പ്രാക്ടീസ് ചെയ്തുവരുന്ന അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി പ്രാക്ടീഷണർമാരെ, അവർ മറ്റു ചികിത്സാരീതികളിൽ പ്രാക്ടീസ് ചെയ്യുന്നതായി ആക്ഷേപമില്ലാത്ത പക്ഷം, അവരുടെ പ്രാക്ടീസിൽ നിന്നും തടയരുതെന്ന് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സർക്കാർ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) എന്തെല്ലാം യോഗ്യത ഉള്ളവർക്കാണ് ഇത്തരത്തിൽ പ്രാക്ടീസ് ചെയ്യുവാൻ അനുവാദം നൽകിയിട്ടുള്ളത്; | (സി) 2.11.1987-ന് മലബാർ മേഖലയിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്നവരും ഈ തീയതിയിൽ 21 വയസ് പൂർത്തിയാക്കിയവരുമായ ഹോമിയോപ്പതി പ്രാക്ടീഷണർമാർക്ക് ഹോമിയോപ്പതിയിൽ മലബാർ മേഖലയിൽ പ്രാക്ടീസ് ചെയ്യുവാൻ അനുവാദം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) സംസ്ഥാന ഉത്തരവ് 1973-ലെ കേന്ദ്ര നിയമത്തിന് എതിരാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരായി ഓൾ കേരള ഹോമിയോപ്പതിക് കോ-ഓർഡിനേഷൻ കൗൺസിൽ ഉന്നയിച്ച ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ;<br><br>(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) യും (ഇ) യും<br>ആൾ കേരളാ ഹോമിയോപ്പതിക് കോ-ഓർഡിനേഷൻ കൗൺസിലിൽ നിന്നും ഉൾപ്പെടെ ഇക്കാര്യത്തെ സംബന്ധിച്ച് ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചുവരുന്നു. |

K.S. Sudha
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T. 234

01.07.2009 -ൽ മറുപടിക്ക്

ജന്തുജന്യരോഗ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.കെ.പ്രേംനാഥ്:<br>ശ്രീ.കെ.പി.മോഹനൻ:<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മനുഷ്യരിലേയ്ക്ക് പകരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ജന്തുജന്യരോഗങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (എ) എലിപ്പനി, പേവിഷബാധ, പന്നിപ്പനി (എച്ച് 1 എൻ1-ഇൻഫ്ളുവൻസ 2 എ) ലിഷ്മാനിയാസിസ് (ക്യൂട്ടേനിയസ്), ജപ്പാൻജ്വരം എന്നീ രോഗങ്ങളാണ് മനുഷ്യരിലേക്ക് പകരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട ജന്തുജന്യ രോഗങ്ങൾ. |
| (ബി) ജന്തുജന്യരോഗങ്ങൾ മനുഷ്യരിലേയ്ക്ക് പകരുന്നത് തടയാൻ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ? | (ബി) എലിപ്പനി തടയാൻ സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധതരത്തിലുള്ള പ്രതിരോധ നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായി രോഗബാധയുണ്ടാകാൻ ഏറ്റവും സാധ്യതയുള്ള ആൾക്കാർ എന്ന നിലയിൽ കൃഷിയുമായും മാലിന്യനിർമ്മാർജ്ജന പ്രവൃത്തിയിലേർപ്പെടുന്നവരും ശുചീകരണപ്രവർത്തനങ്ങളിലേർപ്പെടുവരുമായ തൊഴിലാളികൾക്ക് രോഗപ്രതിരോധത്തിനായി ഡോക്സിസൈക്ളിൻ ക്യാപ്സൂൾ മരുന്ന് കാലേകൂട്ടി നൽകിവരുന്നു. തൊഴിലാളികൾക്ക് ആവശ്യമായ സ്വയംസംരക്ഷയ്ക്കുള്ള ഉപകരണങ്ങൾ (കൈഉറ, ഗംബൂട്ട്) മുതലായവ ജോലിയിലേർപ്പെടുമ്പോൾ ഉപയോഗിക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. മലിനജലശേഖരങ്ങളിലും മാലിന്യ കൂമ്പാരങ്ങളിലും ബ്ലീച്ചിംഗ് പൗഡർ, ലോഷൻ മുതലായ അണുനാശിനികൾ തളിക്കുന്ന പ്രവർത്തനങ്ങളും കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്ത് എലിനശീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. രോഗസ്ഥിരീകരണത്തിനായുള്ള പരിശോധനാസംവിധാനം എല്ലാ ജില്ലയിലും ഏർപ്പാടാക്കിയിട്ടുണ്ട്. |

| | |
|---|---|
| | സംസ്ഥാനത്ത് പേവിഷബാധമൂലം 4 മരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പേവിഷബാധക്കെതിരാ യുള്ള ആന്റി റാബിസ് വാക്സിൻ ജില്ലയിലെ എല്ലാ മേജർ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. ആദ്യ ഡോസ് എല്ലാവർക്കും തികച്ചും സൗജന്യമായും തുടർന്നുള്ള 5 ഡോസുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായും നൽകിവരുന്നു. സംസ്ഥാന സർക്കാർ ഇപ്പോൾ ത്വക്കിലൂടെ നൽകുന്ന പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ് പരിപാടിക്ക് (ഐ.ഡി.ആർ.വി.) രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഫലമായി പേവിഷബാധയേറ്റ എല്ലാ ആൾക്കാർക്കും ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ ഫലപ്രദമായി പേവിഷബാധ ചികിത്സ നൽകുവാൻ സാധിച്ചു. ഇപ്പോൾ ജനറൽ ആശുപത്രി തിരുവനന്തപുരം, താലൂക്കാശുപത്രി ഒറ്റപ്പാലം എന്നിവിടങ്ങളിൽ ഇത്തരത്തിലുള്ള കുത്തിവയ്പ് നൽകിവരുന്നു. എല്ലാ ജില്ലകളിലും ഈ സേവനം ലഭ്യമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.<br>പന്നിപ്പനി ഇതുവരെയും സംസ്ഥാനത്ത് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും കേരളത്തിലെ മൂന്ന് അന്തർദേശീയ വിമാനത്താവളങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ രോഗബാധിത രാജ്യങ്ങളിൽ നിന്ന് വരുന്ന യാത്രക്കാരെ നിരീക്ഷിക്കുവാനും രോഗബാധയുണ്ടെന്ന് സംശയിക്കുന്നവരെ മാറ്റി പാർപ്പിക്കുവാനും വേണ്ട സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഈ സംവിധാനം 24 മണിക്കൂറും പ്രവർത്തിക്കുന്നതിനാവശ്യമായ ഡോക്ടർമാരേയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനേയും നിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിൽ വരുന്ന രോഗികളെ ചികിത്സിക്കുന്നതിന് തിരുവനന്തപുരത്ത് ജനറൽ ആശുപത്രിയിലും കൊച്ചിയിൽ പെരുമ്പാവൂർ ജനറൽ ആശുപത്രിയിലും കോഴിക്കോട് ബീച്ച് ആശുപത്രിയിലും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.<br>സംസ്ഥാനത്ത് ജപ്പാൻജ്വരം ഒരു പ്രധാന ജന്തുജന്യ വൈറസ് രോഗമാണ്. ഈ രോഗം കൊതുകിലൂടെയാണ് |

| | |
|---|---|
| | മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്നത്. ഈ വർഷം സംസ്ഥാനത്ത് രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ജലപക്ഷികളായ കൊക്ക്, കുളക്കോഴി, കന്നുകാലികൾ മുതലായവയിലാണ് ഈ രോഗത്തിന്റെ വൈറസ് കാണപ്പെടുന്നത്. ഇവയെ കടിക്കുന്ന കൊതുക് ഒരു നിശ്ചിതകാലയളവിന് ശേഷം മനുഷ്യരെ കടിക്കുമ്പോഴാണ് രോഗം പകരുന്നത്. ഈ രോഗത്തെ തടയുന്നതിനുള്ള വാക്സിനുകൾ ലഭ്യമാണ്. ഫോഗിംഗ്, സ്പ്രേയിംഗ്, കൂത്താടിഭോജി മത്സ്യങ്ങളെ ജലശേരങ്ങളിൽ നിക്ഷേപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br><br>ത്വക്കിലുണ്ടാകുന്ന ലിഷ്മാനിയാസിസ് എന്ന രോഗം മണലീച്ച വഴിയാണ് പകരുന്നത്. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി വീടിന് ചുറ്റും കീടനാശിനി തളിക്കുകയും കീടനാശിനി തളിച്ച കൊതുക്‌വലകൾ വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോൾ ഈ രോഗം നിയന്ത്രണവിധേയമാണ്. |

K.S. Sudha

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235 | 01.07.2009 -ൽ മറുപടിയ്ക്ക് |
| --- | --- |

**ഫിനിഷിംഗ് സ്കൂൾ പദ്ധതി**

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| **ശ്രീമതി.കെ.കെ. ലതിക<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീമതി.കെ.എസ്. സലീഖ<br>ശ്രീ.വി. ശശികുമാർ** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി)** |
| (എ) | വനിതകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി ആരംഭിച്ച ഫിനിഷിംഗ് സ്കൂൾ പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് മുഖേന മഹിളാ മന്ദിരങ്ങൾ, ആശാഭവൻ എന്നിവയിൽ സ്റ്റെഡ്, എൽ. ബി. എസ്. എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ഫിനിഷിംഗ് സ്കൂൾ പദ്ധതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 'ഐഡിയ പ്ലസ് ' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സ്ഥാപനം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ 12 ജില്ലകളിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 16 വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും മുൻ അന്തേവാസികൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾക്കുമാണ് സ്റ്റെഡുമായി ചേർന്ന് ഫിനിഷിംഗ് സ്കൂൾ പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നൽകിയത്. ജീവനോപാധി കണ്ടെത്തുന്നതിന് സഹായിക്കുന്ന പരിശീലന പരിപാടി എന്ന നിലയിൽ പദ്ധതി പൊതുവിൽ വിജയകരവും ഉപയോഗപ്രദവും ആയിരുന്നു എന്ന് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ സംരംഭകശേഷി വർദ്ധിപ്പിക്കൽ, ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തൽ, ഗുണഭോക്താക്കളോട് ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക, ഗുണഭോക്താവിനെ ആകർഷിക്കുന്ന രീതിയിലുള്ള പാക്കിംഗ് ഏർപ്പെടുത്തുക തുടങ്ങിയ |

| | | | |
|---|---|---|---|
| | | | മേഖലകളിൽ കൂടുതൽ പരിശീലനം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.<br>ഫിനിഷിംഗ് സ്കൂൾ പദ്ധതി പ്രകാരം അഭ്യസ്തവിദ്യരായ വനിതകളുടെ തൊഴിൽ നേടുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി നടത്തിയ കമ്പ്യൂട്ടർ പരിശീലനം വളരെ ആസൂത്രിതവും മെച്ചപ്പെട്ടതും ആയിരുന്നു എന്ന് വിലയിരുത്തിയിട്ടുണ്ട്. സ്ഥിരമായ മോണിറ്ററിംഗും ഇന്റേണൽ ഇവാല്യുവേഷനും നടത്തിയതുമൂലം പഠിതാക്കളുടെ വ്യക്തിത്വത്തിലും കഴിവിലും ആശയ വിനിമയ ശേഷിയിലും ക്രമാനുഗത വളർച്ചയുണ്ടായതായി പഠനം കണ്ടെത്തിയിട്ടുണ്ട്. പ്രോഗ്രാമിനുശേഷവും പ്ലെയിസ്മെന്റ് നേടി പോയിട്ടുള്ള ഗുണഭോക്താക്കളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഒരു സംവിധാനം ഏർപ്പെടുത്തുക, സുസംഘടിതവും ചിട്ടയോടുകൂടിയതുമായ ഒരു പ്ലെയിസ്മെന്റ് രീതി നിലനിർത്തുക തിരുവനന്തപുരത്തിന് പുറത്തുനിന്ന് വരുന്ന പഠിതാക്കൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക തുടങ്ങിയ മേഖലകളിൽ വരും വർഷങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്.<br>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ഫിനിഷിംഗ് സ്കൂൾ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകന യോഗം നടത്തുകയും പദ്ധതികൾ സമയബന്ധിതമായി ഉപഭോക്താവിന് പദ്ധതിയുടെ പ്രയോജനം പരമാവധി ലഭിക്കത്തക്ക വിധത്തിൽ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ഏതെല്ലാം സ്ഥാപനങ്ങളുടെ സേവനമാണ് പദ്ധതിയ്ക്കായി പ്രയോജനപ്പെടുത്തുന്നത്; | (ബി) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖാന്തിരം 2007-08 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച ഫിനിഷിംഗ് സ്കൂൾ പദ്ധതി സംസ്ഥാന ബാംബൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേന്ദ്ര സർക്കാർ സ്ഥാപനമായ അപ്പാരൽ ട്രെയിനിംഗ് ആന്റ് ഡിസൈനിംഗ് സെന്റർ, കിറ്റ്കോ, സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്പ്മെന്റ് തുടങ്ങിയ ഏജൻസികൾ വഴിയാണ് നടപ്പിലാക്കിയത്. 2008-09 സാമ്പത്തിക വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ വനിതാ വികസന കോർപ്പറേഷൻ സ്വന്തമായി നടപ്പിലാക്കുന്ന ട്രെയിനിംഗ് സെന്റർ ആയ വിമൻ റിസോഴ്സ് സെന്റർ വഴി നടപ്പിലാക്കുന്നുണ്ട്.<br>സാമൂഹ്യക്ഷേമ വകുപ്പിൽ സ്റ്റെഡ്, എൽ.ബി.എസ്. എന്നീ സ്ഥാപനങ്ങളുടെ സേവനമാണ് ഫിനിഷിംഗ് സ്കൂൾ പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നത്. |
| (സി) | കഴിഞ്ഞ വർഷം എത്ര പേർക്ക് പരിശീലനം നൽകി, പരിശീലനം നേടിയ എത്ര പേർക്ക് മെച്ചപ്പെട്ട ജോലി നേടാൻ കഴിഞ്ഞു എന്നു വെളിപ്പെടുത്തുമോ; | (സി) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ കഴിഞ്ഞ വർഷം 1050-ൽ അധികം വനിതകൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകിയിട്ടുണ്ട്. അതിൽ 600 ൽ അധികം വനിതകൾക്ക് മെച്ചപ്പെട്ട തൊഴിൽ നേടാൻ സാധിച്ചിട്ടുണ്ട്.<br>സാമൂഹ്യക്ഷേമ വകുപ്പ് കഴിഞ്ഞ വർഷം എൽ.ബി.എസ്സുമായി ചേർന്ന് നടത്തിയ കമ്പ്യൂട്ടർ പരിശീലന പരിപാടിയിൽ 67 പേർക്ക് സെലക്ഷൻ നൽകുകയും അതിൽ തൃപ്തികരമായി പരിശീലനം പൂർത്തിയാക്കിയ 47 പേരിൽ 20 പേർക്ക് പ്ലേസ്മെന്റ് നൽകുവാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ 16 വനിതാ ക്ഷേമ സ്ഥാപനങ്ങളിൽ വച്ച് 22 കോഴ്സുകളിലായി 322 പേർക്ക് വിവിധ കോഴ്സുകളിൽ തൊഴിൽ പരിശീലനവും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | (ഡി) | ഗ്രാമപ്രദേശങ്ങളിലുള്ള പെൺകുട്ടികൾക്കുകൂടി പ്രയോജനപ്പെടുന്ന വിധത്തിൽ എല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുമോ? | (ഡി) ഫിനിഷിംഗ് സ്കൂൾ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും സംസ്ഥാനത്തെ ഒട്ടുമിക്ക ജില്ലകളിലേയും സ്ത്രീകൾക്ക് പ്രയോജനകരമാകുന്ന വിധത്തിലാണ് ആവിഷ്കരിച്ചുവരുന്നത്. കൂടാതെ പല പദ്ധതികളും കുടുംബശ്രീ യൂണിറ്റുകളുമായി ചേർന്ന് നടപ്പിലാക്കിയതുകാരണം ഗ്രാമ പ്രദേശങ്ങളിലെ പെൺകുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുണ്ടായി. പുതിയ പദ്ധതികളെല്ലാം ഗ്രാമ പ്രദേശങ്ങളിലെ പെൺകുട്ടികൾക്കും കൂടി പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് ആസൂത്രണം ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236 | 01-07-2009 ൽ മറുപടിക്ക്

ദേശീയ പോഷകാഹാര ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് ; | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് വിറ്റാമിൻ എ, അയൺ, ഫോളിക് ആസിഡ് എന്നിവയുടെ കുറവുള്ളതായി ഹൈദ്രാബാദിലെ ദേശീയ പോഷകാഹാര ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ ? | എ) ഉണ്ട്. |
| ബി) ഇവയുടെ കുറവ് കുട്ടികളിൽ എന്തെല്ലാം ന്യൂനതകൾ ഉണ്ടാകുന്നതിന് വഴി തെളിക്കുന്നു ; | ബി) വിറ്റാമിൻ "എ" കുറവ് കുട്ടികളിൽ ഏറ്റവും പ്രധാനമായി ഉണ്ടാക്കുന്നത് നിശാന്ധതയാണ്. വെളിച്ചക്കുറവിൽ കാഴ്ച ഇല്ലാതാകുന്ന അവസ്ഥയാണിത്. കഠിന രൂപത്തിലുള്ള വിറ്റാമിൻ എ യുടെ കുറവ് കണ്ണിന്റെ നേത്രപടലത്തിൽ വൈകല്യങ്ങളുണ്ടാക്കുകയും, കാഴ്ച പൂർണ്ണമായി നശിക്കാനും ഇടയാക്കുന്നു. വിറ്റാമിൻ എ യുടെ കുറവ് പ്രതിരോധശക്തിയിൽ കുറവ് വരുത്തുകയും, ആവർത്തിച്ചുള്ള അണു ബാധയ്ക്കും കാരണമാകുന്നു. തൊലിപ്പുറത്തുണ്ടാകുന്ന രോഗങ്ങൾക്കും ഇതു കാരണമാകുന്നു.<br>ഇരുമ്പിന്റെ കുറവ് രക്തക്കുറവുണ്ടാക്കുന്ന പ്രധാന ഘടകമാണ്. ഇത് കുട്ടികളുടെ ശാരീരിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. കുട്ടികളുടെ ശ്രദ്ധാശക്തിയെയും, ബുദ്ധിശക്തിയെയും ഇത് പ്രതികൂലമായും ബാധിക്കുന്നു. കുട്ടികൾക്ക് ഇതുമൂലം ഉന്മേഷക്കുറവും, ക്ഷീണവും ഉണ്ടാകുന്നു. ശരീരത്തിലെ ചില രാസപ്രവർത്തനങ്ങളെ ഇരുമ്പിന്റെ കുറവ് ബാധിക്കും. |
| സി) ഇതിന് എപ്രകാരം പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സി) വിറ്റാമിൻ "എ" യുടെ കുറവ് വരാതിരിക്കുവാനും, കുറവ് നികത്തുവാനുമായി മൂന്നു വയസ്സുവരെയുള്ള കുട്ടികൾക്ക് 9 മാസത്തിൽ തുടങ്ങി 3 വയസ്സുവരെ വർഷത്തിൽ 2 ഡോസ് എന്ന കണക്കിൽ വിറ്റാമിൻ എ നൽകിവരുന്നു. |

വിറ്റാമിൻ "എ" യുടെ കുറവ് പരിഹരിക്കുന്നതിനായി വിറ്റാമിൻ എ 5 വയസ്സുവരെ അധികം ഡോസുകൾകൂടി കൊടുക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

ഇതിനു പുറമേ അഞ്ചാം പനി പിടിപെടുന്ന കുട്ടികളിൽ വിറ്റാമിൻ എ അധിക ഡോസും നൽകി വരുന്നു.

കുട്ടികൾക്കുള്ള ഇരുമ്പിന്റെ കുറവ് പരിഹരിക്കുന്നതിനായി ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും എല്ലാ സർക്കാർ ആശുപത്രികൾ വഴിയും, സബ്സെന്ററുകൾ വഴിയും അംഗൻവാടികൾ വഴിയും അയൺഫോളിക്കാസിഡ് ഗുളികകൾ നൽകി വരുന്നു. കുട്ടികളിലെ വിളർച്ച തടയാനായി ചെറിയ ഡോസിലുള്ള അയൺഫോളിക്കാസിഡ് ഗുളികകൾ 5 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് കൊടുത്തുവരുന്നു.

ഇതിനു പുറമേ ഇത്തരം കുറവുകൾ ഉണ്ടാകാതിരിക്കുവാനുള്ള ഭക്ഷണക്രമങ്ങളും, അതിനെകുറിച്ചുള്ള അവബോധവും ഉണ്ടാക്കുവാനായി അംഗൻവാടി, സബ്സെന്റർ എന്നിവിടങ്ങളിൽ ബോധവൽക്കരണം നടത്തിവരുന്നു. ന്യൂട്രീഷൻ സെന്ററും ഇതിനായി ബോധവൽക്കരണം നടത്തുന്നുണ്ട്. പോഷകാഹാരങ്ങളുടെ പ്രാധാന്യവും, എപ്രകാരമാണ് പോഷകാഹാരങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്തേണ്ടത് എന്നതിനെക്കുറിച്ചുള്ള ബോധവൽക്കരണം സാധാരണ ജനങ്ങളിൽ ഉണ്ടാക്കുന്നതിനുമായി ഓരോ വാർഡുകളിലും മാസത്തിൽ ഒരിക്കൽ വ്യാഴാഴ്ചതോറും പ്രത്യേക ന്യൂട്രീഷൻ 'ഡേ'യായി ആചരിച്ചു വരുന്നു. ഈ ബോധവൽക്കരണ പരിപാടി 'ആശാ' മാരുടെ നേതൃത്വത്തിലാണ് സംഘടിപ്പിച്ചു വരുന്നത്. ടി ആരോഗ്യ ബോധവൽക്കരണ പരിപാടിയിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നു. കൂടാതെ എല്ലാ വർഷവും ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശ പ്രകാരം സെപ്റ്റംബർ 1-ാം തീയതി ലോക പോഷകാഹാര ദിനമായി ആചരിച്ചു വരുന്നു. സംസ്ഥാനത്ത് ഈ പരിപാടി സെപ്റ്റംബർ 1 മുതൽ 7 വരെ നീണ്ടു നിൽക്കുന്ന പരിപാടിയായി ആചരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237 | 01.07.2009 ൽ മറുപടിക്ക് |
|---|---|

## മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

| *ചോദ്യം* | *മറുപടി* |
|---|---|
| പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.പി.വിശ്വൻ<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ. | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ച പ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | <u>തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം</u><br>ഈ കേന്ദ്രത്തിലെ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സയും പരിചരണവും നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഉള്ളവ മെച്ചപ്പെട്ട രീതിയിൽ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. കിടത്തി ചികിത്സ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു വനിതാ വാർഡ് നിർമ്മിച്ചിട്ടുണ്ട്. ഗുരുതരമായ രോഗം ബാധിച്ചവരെ കിടത്തി ചികിത്സിക്കുന്നതിനായി ബിഹേവിയറൽ ഇന്റൻസീവ് കെയർ യൂണിറ്റ് പ്രവർത്തിച്ച് വരുന്നു. ദേശീയ മാനസികാരോഗ്യ പദ്ധതി പ്രകാരം ലഭിച്ച തുക ഉപയോഗിച്ച് ഡീ അഡിക്ഷൻ വാർഡിന്റെ പണി പുരോഗമിച്ച് വരുന്നു. ഈ പദ്ധതി പ്രകാരം പുതിയ ഫീമെയിൽ വാർഡ് നിർമ്മിക്കുന്നതിനുള്ള പണി ഉടൻ ആരംഭിക്കുന്നതാണ്. ഈ കേന്ദ്രത്തിൽ വരുന്ന രോഗികൾക്കും സൗജന്യമായിതന്നെ എല്ലാ മരുന്നുകളും നൽകി വരുന്നു. ആധുനികരീതിയിലുള്ള ഇ.സി.റ്റി നൽകുന്നതിനുള്ള മരുന്നു സാമഗ്രികൾ എയർകണ്ടീഷൻ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. രോഗികൾക്ക് ആഴ്ചയിലൊരിക്കൽ വ്യത്യസ്ത പലഹാരങ്ങൾ ഉൾപ്പെടുത്തി മെച്ചപ്പെട്ട ഭക്ഷണം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | <u>തൃശൂർ മാനസികാരോഗ്യ കേന്ദ്രം</u><br><br>ഈ കേന്ദ്രത്തിലെ ഒ.പി. ബ്ളോക്കിൻെറ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബിഹേവിയർ ഇൻറൻസീവ് കെയർ യൂണിറ്റ്പ്രവർത്തിച്ചുവരുന്നുണ്ട്.ആവശ്യമായ ഉപകരണങ്ങൾ മിക്കവാറും വാങ്ങിച്ചിട്ടുണ്ട സിക്ക് വാർഡ്,ഡി അഡിക്ഷൻ വാർഡ്,പവലിയൻ ടൈപ്പ് ഫോറൻസിക് വാർഡ് എന്നിവയുടെ പണിയും. പൂർത്തിയായിട്ടുണ്ട്. വാർഡുകളിലെ ചികിത്സാ സൗകര്യം മെച്ചപ്പെട്ടുന്നതിനും ആവശ്യമായ ഉപകരണങ്ങളും ശയന സാമഗ്രികളും ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. കിച്ചണിൽ പുതിയതായി സ്റ്റീമർ സ്ഥാപിച്ചിട്ടുണ്ട്. രോഗികൾക്ക് വിശ്രമത്തിനായി ഒരു പാർക്കിൻെറ പണി പുരോഗമിക്കുന്നു.<br><u>കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രം</u><br>ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ഈ കേന്ദ്രത്തിൽ ലഭിച്ച 285 ലക്ഷം രൂപ ഉപയോഗിച്ച് പുതിയ മെയിൽ ഫോറൻസിക് വാർഡ്, വാർഡ് -4 ,5 ആർ.എം.ഒ.കോർട്ടേഴ്സ് , ലബോറട്ടറി,അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| ബി) | ഡോക്ടർമാരുടേയും നേഴ്സുമാരുടേയും വാർഡൻമാരുടേയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | തിരുവനന്തപുരം തൃശൂർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | സി) | തിരുവനന്തപുരം തൃശൂർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ ഉത്തരം (എ) ൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ഡി) | ഇവിടെ രോഗികളുടെ പുനരധിവാസത്തിനായി | (ഡി) | തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ രോഗികളുടെ |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | | പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ കേന്ദ്രത്തിനകത്ത് തന്നെ ഒട്ടനവധി പ്രത്യേക പരിപാടികൾ നടത്തി വരുന്നുണ്ട്. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് സൗജന്യമായി നൽകിയ ബ്രഡ് മേക്കിംഗ് യൂണിറ്റ് ഉപയോഗിച്ച് ഈ കേന്ദ്രത്തിലെ രോഗികൾക്ക് നൽകുന്നതിനാവശ്യമായ ബ്രഡ് ഇവിടെ തന്നെ ഉത്പാദിപ്പിക്കുകയും ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രതിഫലം നൽകുകയും ചെയ്ത് വരുന്നു. കട്ടിലുകൾ മറ്റ് ആശുപത്രി ഫർണിച്ചറുകൾ എന്നിവ നന്നാക്കുന്നതിൽ പരിശീലനം നൽകുന്ന മറ്റൊരു യൂണിറ്റും പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഒരു വെൽഡിംഗ് മെഷീനും സ്പ്രേ പെയിൻറ് മെഷീനും വാങ്ങി ഈ റിപ്പയറിംഗ് യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതി നിർദ്ദേശങ്ങളിൽ തുക വക കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ലോഷൻ നിർമ്മാണം ,സോപ്പ് നിർമ്മാണം പേപ്പർ കവർ നിർമ്മാണം എന്നിവയിൽ പരിശീലനവും പ്രവർത്തി പരിചയവും നൽകി വരുന്നുണ്ട്. സന്നദ്ധ സംഘടനയായ 'അഭയ' യുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന 'പകൽ വീട്ടിൽ' രോഗം ഭേദമായവർക്ക് പ്രവർത്തി പരിചയവും നൽകി വരുന്നു. 10 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന രോഗികളെ പരിശീലനത്തിനായി രാവിലെ വീടുകളിൽ നിന്നും ആരോഗ്യ വകുപ്പിന്റെ വാഹനത്തിൽ പകൽ വീട്ടിൽ എത്തിക്കാനും വൈകിട്ട് തിരികെ വീടുകളിൽ കൊണ്ടു വിടാനുമുള്ള പദ്ധതി ജൂലൈ മാസം മുതൽ ആരംഭിക്കുന്നതാണ്.<br>തൃശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ ഓക്കുപേഷൻ തെറാപ്പി ആൻറ് റീഹാബിലിറ്റേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കൃഷി ,ആടുവളർത്തൽ പന്നി വളർത്തൽ , സോപ്പ്, സോപ്പുപൊടി നിർമ്മാണം മെഴുകുതിരി,പ്ളാസ്റ്റിക് പൂക്കൾ എന്നിവയുടെ നിർമ്മാണം രോഗികളുടെ പുനരധിവാസത്തിന്റെ ഭാഗമായി നടത്തി വരുന്നു. കൂടാതെ സ്റ്റേഷനറിക്കട , ബുക്ക്ബൈൻറിംഗ് ,ബ്രെഡ്മേക്കിംഗ് |

| | | | |
|---|---|---|---|
| | | | യൂണിറ്റ്, ലൈബ്രറി, തയ്യൽ പരിശീലന യൂണിറ്റ് ഫർണിച്ചർ റിപ്പയർ ,വർക്ക്ഷോപ്പ് എന്നിവയും പ്രവർത്തിക്കുന്നുണ്ട്. |
| ഇ) | കുട്ടികൾക്കും കൗമാര പ്രായക്കാർക്കുമായി പ്രത്യേക ബ്ളോക്കു നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ? | ഇ) | തിരുവനന്തപുരം ,കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ കുട്ടികൾക്കും കൗമാരപ്രായക്കാർക്കുമായി ബ്ളോക്ക് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കും കൗമാര പ്രായക്കാർക്കും വേണ്ടി 10 കിടക്കകളുള്ള വാർഡ് തൃശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ നിർമ്മിക്കുന്നതിനുള്ള കാര്യം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 238 01..07..2009 - ൽ മറുപടിക്ക്

### ക്ലസ്റ്റർ വികസന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. രാഘവൻ:<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ;<br>ശ്രീ. രാജു എബ്രഹാം;<br>ശ്രീ. വി. എൻ. വാസവൻ; | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പുമന്ത്രി) |
| (എ) സർക്കാരിന്റെ വ്യവസായ നയത്തിൽ വിഭാവനം ചെയ്യുന്ന ക്ലസ്റ്റർ വികസന പദ്ധതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) സംസ്ഥാന സർക്കാരിന്റെ വ്യവസായ നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ക്ലസ്റ്റർ വികസന പദ്ധതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ താഴെ പ്രതിപാദിപ്പിക്കുന്നവയാണ്.<br>സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 31 കൺസോർഷ്യങ്ങൾ ഇതേ വരെ രജിസ്റ്റർ ചെയ്യപ്പെട്ടു കഴിഞ്ഞു. റോ മെറ്റീരിയൽ ബാങ്കുകൾ, കോമൺ ഫെസിലിറ്റി സെന്റർ വിപണന പ്രവർത്തനം തുടങ്ങിയവ ആരംഭിക്കുന്നതിനായി നടപടികൾ നടന്നു വരുന്നു.<br>ക്ലസ്റ്റർ വികസന പ്രവർത്തനങ്ങൾക്കായി 'യു. എൻ. ഐ. ഡി. ഒ.' നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിൽ നിന്നും 83 ഉദ്യോഗസ്ഥർക്കും കയർ വകുപ്പിൽ നിന്നും 36 ഉദ്യോഗസ്ഥന്മാർക്കും ഡയറക്ടറേറ്റ് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈലിൽ നിന്നും 25 |

ഉദ്യോഗസ്ഥർക്കും ക്ളസ്റ്റർ വികസന എക്സിക്യൂട്ടീവാകാൻ പരിശീലനം നൽകിയിട്ടുണ്ട്.

ഫുഡ്, ജനറൽ എൻജിനീയറിംഗ്, ഗാർമെന്റ്സ്, വുഡ്, ഹാന്റിക്രാഫ്റ്റ്സ്, പ്ളാസ്റ്റിക്, റബ്ബർ, ടൈൽ മുതലായവ യാണ് പ്രധാന ക്ളസ്റ്ററുകളായി രൂപീകരിക്കപ്പെട്ടവ.

രജിസ്റ്റർ ചെയ്യപ്പെട്ട കൺസോർഷ്യം ക്ളസ്റ്ററിന്റെ വികസനത്തിന് വേണ്ടി-യുള്ള ഒരു ''സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി'' (എസ്. പി. വി.) പ്രവർത്തിച്ചു വരുന്നു.

ക്ളസ്റ്ററുകളിലെ വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരികയാണ്.

എല്ലാ കൺസോർഷ്യങ്ങളും റോ മെറ്റീരിയൽബാങ്ക്, കോമൺ ഫെസിലിറ്റി സെന്റർ, വിപണന പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നത് വിവിധ ഘട്ടങ്ങളിലാണ്.

ക്ളസ്റ്റർ വികസനത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തിന് ഇതേവരെ 10 പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 3 പദ്ധതികൾ നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കിയുള്ള 7 പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള വിവിധ ഘട്ടങ്ങളിലാണ്.

| | | | |
|---|---|---|---|
| (ബി) | പദ്ധതിയോട് സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭകരുടെ സഹകരണം തൃപ്തികരമാണോ ; | (ബി) | തൃപ്തികരമാണ്. |
| (സി) | ക്ളസ്റ്റർ സംവിധാനം പ്രോത്സാഹിപ്പി- ക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (സി) | ക്ളസ്റ്റർ വികസന പദ്ധതി ഓരോ ജില്ലകളിലും നടപ്പാക്കുന്നത് അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങളാണ്. ഇതിനായി ഓരോ ക്ളസ്റ്ററുകളുടെ വികസനത്തിനായി പരിശീലനം സിദ്ധിച്ച ക്ളസ്റ്റർ ഡവലപ്മെന്റ് എക്സിക്യൂ- ട്ടീവിനെ നിയോഗിച്ചിട്ടുണ്ട്. |
| (ഡി) | ക്ളസ്റ്റർ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ? | (ഡി) | വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം- ഭരണ സ്ഥാപനമായ കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) ആണ് സംസ്ഥാന- തലത്തിൽ ക്ളസ്റ്റർ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 239</u> — <u>01-07-2009-ൽ മറുപടിയ്ക്ക്</u>

## യുവശക്തി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത്:<br>ശ്രീ.എൻ.രാജൻ:<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ.രാജാജി മാത്യു തോമസ്:<br>ശ്രീ.വി.എസ്.സുനിൽ കുമാർ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ കീഴിൽ യുവശക്തി പദ്ധതി ആരംഭിച്ചതെന്നാണ്; ഈ പദ്ധതി പ്രകാരം എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ)<br>സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ കീഴിൽ യുവശക്തി പദ്ധതി ആരംഭിച്ചത് 2007-2008 സാമ്പത്തിക വർഷത്തിലാണ്. പ്രസ്തുത പദ്ധതി പ്രകാരം സ്വയം തൊഴിൽ പരിശീലനം, യുവകാർഷിക ക്ലബ്ബുകൾ രൂപീകരിക്കുക, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, യുവകർമ്മസേന രൂപവൽക്കരണം തുടങ്ങിയ പരിപാടികളാണ് നടപ്പാക്കി വരുന്നത്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി)<br>ഈ പദ്ധതികൾ നടപ്പാക്കുന്നതിന് ഏത് തരം സംഘടനകളെയാണ് തെരഞ്ഞെടുക്കുന്നതെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത സംഘടനകൾക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി)<br>വിവിധ തലങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുക്കുന്നത്. 15-നും 35-നും ഇടയ്ക്ക് പ്രായമുള്ള യുവജനങ്ങളായിരിക്കണം ക്ലബ്ബിലെ അംഗങ്ങൾ. സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതിനു ശേഷം യൂത്ത് ക്ലബ്ബുകൾ യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിരിക്കണം. |
| (സി)<br>ഈ സംഘടനകൾക്ക് ബോർഡിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി)<br>തെരഞ്ഞെടുക്കപ്പെടുന്ന സംഘടനകൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബോർഡിൽ നിന്ന് സാമ്പത്തിക സഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 240 — 01.07.2009 ൽ മറുപടിയ്ക്ക്

## നദികളിലെ ജലഗുണനിലവാരത്തെക്കുറിച്ച് പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ :<br>ശ്രീ..പി.തിലോത്തമൻ :<br>ശ്രീ.ബാബു പോൾ :<br>ശ്രീ.കെ.രാജു : | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവവകുപ്പുമന്ത്രി) |
| എ) നദീതട അടിസ്ഥാനത്തിൽ ജലഗുണ നിലവാരത്തെ ക്കുറിച്ച് പഠനം നടത്തി യിട്ടുണ്ടോ; എങ്കിൽ ഇതിനെക്കുറിച്ചുള്ള എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | എ) ഉണ്ട്. നദീതട അടിസ്ഥാനത്തിൽ CWRDM, KSCSTE-യുടെ സഹായത്തോടെ ജലഗുണനില വാരം നിർണ്ണയിക്കാനുള്ള ഒരു പഠനം നടത്തുന്നുണ്ട്. ഉപരിതല ജലസ്രോതസ്സുകളുടേയും ഭൂഗർഭ ജലസ്രോതസ്സുകളുടേയും ജലഗുണനിലവാര പഠനം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്നു നദീ തടങ്ങൾ (പെരിയാർ, കബനി, നെയ്യാർ) പൂർത്തികരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. മഴ സമയത്തും മഴയ്ക്കുമുൻപും മഴയ്ക്കുശേഷവും വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭൗതികവും രാസപരവും, ജൈവികവുമായ ജലഗുണനിലവാരം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി യിട്ടുണ്ട്. ഒരു നദിയിൽ ഏകദേശം 5 കി.മീ. ഇടവിട്ട് മേലെ മുതൽ താഴെവരെ (സമുദ്രത്തിൽ ചേരുന്ന ഭാഗം) സാമ്പിളുകൾ ശേഖരിക്കുന്നുണ്ട്. ഭൂഗർഭജല സാമ്പിളുകൾ നദീതടങ്ങളിൽ ഉൾപ്പെടുന്ന പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പ റേഷൻ എന്നിവയിൽ ഏകദേശം 90 മുതൽ 120 വരെ സാമ്പിളുകൾ പരിശോധിക്കുന്നുണ്ട്. ഈ പഠന ത്തിന്റെ ഭാഗമായി ഇതുവരെ കബനി, നെയ്യാർ, പെരിയാർ, മീനച്ചിൽ, കരമന, കടലുണ്ടി, ചാലക്കുടി, ചാലിയാർ, പമ്പ, അഞ്ചരക്കണ്ടി,മൂവാറ്റുപുഴ, ഭാരതപ്പുഴ മുതലായ നദീതടങ്ങളുടെ ജലഗുണ നിലവാര പരിശോധന പല ഘട്ടങ്ങളിലാണ്. |
| ബി) സംസ്ഥാനത്തെ നദീജല ത്തെ സംബന്ധിച്ചുള്ള ഗ്രേഡിംഗ് ഏതു രീതിയി ലാണെന്ന് വെളിപ്പെടു ത്തുമോ ; | ബി) CWRDM നടപ്പിലാക്കിവരുന്ന പ്രോജക്ടിൽ നദീതടങ്ങളുടെ ഗ്രേഡിംഗ് രണ്ടു രീതിയിലാണ് നടത്തിവരുന്നത് ;<br>(1) Central Pollution Control Board (CPCB) –ന്റെ തരംതിരിവനുസരിച്ച് A,B,C,D,E,F എന്ന രീതിയിൽ നദികളെ തരംതിരിക്കുന്നു. ഉദാഹരണത്തിന് A വിഭാഗത്തിൽ വരികയാണെങ്കിൽ വെള്ളം disinfect ചെയ്ത ശേഷം കുടിവെള്ളത്തി നായി ഉപയോഗിക്കുവാൻ സാധിക്കും. (സാമ്പിളിന്റെ ഭൗതിക രാസ. ജൈവ ഗുണങ്ങളെ ആസ്പദമാക്കിയാണ് ഈ തരത്തിൽ തരംതിരിക്കുന്നത്) F വിഭാഗത്തിൽ വരുന്ന വെള്ളം കൃഷിയ്ക്കോ |

വ്യവസായ ആവശ്യങ്ങൾക്കോ മാത്രമേ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ.

(2) മറ്റൊരു ഗ്രേഡിംഗ് സംവിധാനം നടത്തിയിരിക്കുന്നത് CCME (Canadian Council of the Ministers of the Environment) Water Quality Index വഴിയാണ്. ജലഗുണനിലവാരവുമായി ബന്ധപ്പെട്ട പദാർത്ഥങ്ങൾക്ക് ചില വെയ്റ്റേജ് കൊടുത്താണ് Water Quality Index നിർണ്ണയിക്കുന്നത്. ഇതുപ്രകാരം 95-100 ഗ്രേഡിംഗ് വരികയാണെങ്കിൽ വെള്ളം നല്ല ഗുണനിലവാരമുള്ളതാണെന്ന് മനസ്സിലാകും. 0-44 വരെ ഗ്രേഡിംഗ് വരികയാണെങ്കിൽ നദിയുടെ ആ ഭാഗങ്ങൾ മിക്കവാറും സമയങ്ങളിൽ ഏതെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങളാൽ ജലഗുണനിലവാരം മോശമായതാണെന്ന് മനസ്സിലാകും.

ജൈവപരമായ പ്രശ്നങ്ങളാൽ കേരളത്തിലെ മിക്കവാറും നദികളും CPCB തരംതിരിവനുസരിച്ച് B അല്ലെങ്കിൽ C യിലാണ് വരുന്നത്. CCME Water Quality Index അനുസരിച്ച് പെരിയാറിലെ പല സാമ്പിളിംഗ് സ്റ്റേഷനും മോശം ഗുണനിലവാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതു പ്രധാനമായും ജൈവാണുക്കളുടെ പ്രശ്നം മൂലമാണ്.

| | |
|---|---|
| സി) സംസ്ഥാനത്തെ മുഴുവൻ നദീതടങ്ങളിലേയും ഉപരിതല-ഭൂഗർഭജല മാതൃകകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | സി) കേരളത്തിലെ പെരിയാർ, കബനി, നെയ്യാർ എന്നീ തദീതടങ്ങളുടെ ജലഗുണനിലവാര റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കരമന, കടലുണ്ടി, ചാലക്കുടി, ചാലിയാർ, പമ്പ, അഞ്ചരക്കണ്ടി,മൂവാറ്റുപുഴ, ഭാരതപ്പുഴ മുതലായ നദികളുടേയും പഠനം നടത്തിവരുന്നു. പഠനം പൂർത്തിയായിവരുന്ന മുറയ്ക്ക് പ്രസ്തുത നദീതടങ്ങളുടെയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതാണ്. |

കൂടാതെ ജലവിഭവവകുപ്പും ഭൂഗർഭ ജലവകുപ്പും കേന്ദ്രസർക്കാരിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജി ബൽഗാം സബ്സെന്ററും സംയുക്തമായി ചേർന്ന് ഹൈഡ്രോളജി പ്രോജക്ടന്റെ ഭാഗമായി കേരള സംസ്ഥാനമൊട്ടാകെയുള്ള ഉപരിതലജല ഭൂഗർഭ ജലഗുണനിലവാരത്തെക്കുറിച്ചുള്ള ഒരു പഠനം നടത്തിവരുന്നുണ്ട്. ഇതിൽ ഉപരിതല ജലഗുണനിലവാരത്തെക്കുറിച്ചുള്ള പഠനം ഫീൽഡ് സ്റ്റഡീസ് സർക്കിളിനു കീഴിലുള്ള ഹൈഡ്രോളജി ഡിവിഷൻ ഓഫീസുകൾ ഏകോപിപ്പിച്ച് നടത്തിവരുന്നു. പ്രസ്തുത പഠനത്തിൽ സംസ്ഥാനത്തുള്ള വിവിധ നദികൾ, അണക്കെട്ടുകൾ, കുളങ്ങൾ, കുടിവെള്ള പൈപ്പുകൾ തുടങ്ങിയ ഏകദേശം 490 ജലസ്രോതസ്സുകളിൽ നിന്നായി ശേഖരിക്കുന്ന ഏകദേശം 490 ജലസാമ്പിളുകളാണ് പരിശോധിക്കുന്നത്. 2008-ൽ മൺസൂൺ കാലത്തിനുമുമ്പും, ശേഷവും 2009-ൽ മൺസൂൺ കാലത്തിനു മുമ്പുമുള്ള സാമ്പിളുകളാണ് ഇതുവരെ

പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്. പ്രധാനമായും ഫിസിക്കൽ, കെമിക്കൽ, ബാക്ടീരിയോളജിക്കൽ, എന്നീ മേഖലകളിലാണ് പരിശോധന നടത്തിവരുന്നത്. പരിശോധനാഫലങ്ങൾ റിപ്പോർട്ടു രൂപത്തിൽ തയ്യാറാക്കുന്നതിനുള്ള ചുമതല നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജി ബൽഗാമിനാണ്. ഇതിൻമേലുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ